പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 — 17.2.2009 ൽ മറുപടിയ്ക്ക്

# ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. വേണുഗോപാൽ ;<br>ശ്രീ. വർക്കല കഹാർ ;<br>ശ്രീ. എം. മുരളി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി ഈ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;<br><br>ബി) രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) യും (ബി) യും<br><br>ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി ഏകദേശം 160 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി LA Act പ്രകാരമുള്ള വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 5.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ചേർത്തല, കൊരട്ടി എന്നി സ്ഥലങ്ങളിൽ പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അമ്പലപ്പുഴ പാർക്കിന് 15.2.2009 ന് തറക്കല്ലിട്ടു. |
| സി) രണ്ടാംഘട്ട വികസനം എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | സി) രണ്ടാംഘട്ട വികസനം 2013 ഓടു കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| ഡി) ഈ പദ്ധതിയിലൂടെ എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും ; | ഡി) ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ട വികസനത്തിൽ ഏകദേശം 50,000 പേർക്കും ഇൻഫോപാർക്ക് ചേർത്തല, അമ്പലപ്പുഴ, കൊരട്ടി എന്നിവയുടെ വികസനത്തിലൂടെ ഏകദേശം 32000 പേർക്കും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഇ) രണ്ടാംഘട്ട വികസനത്തിനായി എത്ര ഏക്കർ സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ; | ഇ) ഇൻഫോപാർക്ക് കൊച്ചിയുടെ വികസനത്തിനായി ഏകദേശം 160 ഏക്കർ സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| എഫ്) ഇതിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | എഫ്) സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി LA Act പ്രകാരമുള്ള വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 2 17.02.2009 -ൽ മറുപടിയ്ക്ക്

ഒരു കോടി വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്.<br>,, എൻ. അനിരുദ്ധൻ<br>,, കെ. അജിത്<br>,, ശ്രീമതി. ഇ.എസ്.ബിജിമോൾ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) "ആഗോള താപനം-മരമാണ് മറുപടി" എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) "ആഗോള താപനം-മരമാണ് മറുപടി" എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ വനേതര പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെയും സഹകരണത്തോടെയും വനംവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2007 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികളാണ് 'എന്റെമരം', 'വഴിയോരതണൽ', 'ഹരിതതീരം', 'നമ്മുടെമരം' എന്നിവ.

അടുത്ത സാമ്പത്തികവർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 'ഹരിതകേരളം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ഒരു കോടി വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുളള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) കേരളത്തിലെ പഞ്ചായത്തുകൾവഴി വനേതര പ്രദേശങ്ങളിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായി ഹരിതകേരളം എന്നപേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അടുത്ത രണ്ടു സാമ്പത്തിക വർഷങ്ങളിലായി ഒരുകോടി വൃക്ഷ തൈകളാണ് നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുളളത്. പഞ്ചായത്തിൻ കീഴിലുളള പൊതുസ്ഥലങ്ങൾ, സർക്കാർ-സർക്കാരേതര ഭൂമി, പാതയോരങ്ങൾ, റെയിൽ പാതയോരങ്ങൾ, നദി-പുഴ-തോട് എന്നിവയുടെ കരകൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം വൃക്ഷവൽക്കരണം നടത്തുന്നതാണ്. ഈ പദ്ധതിക്ക് 2009 ജൂൺ 5-ന് തുടക്കം കുറിക്കുന്നതാണ്.

| | |
|---|---|
| (സി) ഓരോ ഗ്രാമപഞ്ചായത്തിലും എത്ര തൈകൾ വച്ചുപിടിപ്പിക്കുന്നതിനാണു ദ്ദേശിക്കുന്നത്; ഇതിന്റെ ചുമതല യാർക്കാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | ഈ പദ്ധതി പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിലും ശരാശരി 10,000 വൃക്ഷത്തൈകൾ വീതമാണ് നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് തൈ ഉൽപ്പാദനം, തൈ നടീൽ, തൈകളുടെ പരിചരണ പരിപാലനം, വീട്ടുവളപ്പുകളിൽ നടുന്നതിനായി വൃക്ഷതൈകളുടെ വിതരണം തുടങ്ങിയ പ്രവൃത്തികളുടെ ചുമതല പഞ്ചായത്തുകൾക്കാണ്. തൈ ഉൽപ്പാദനം മുതൽ എല്ലാ പ്രവൃത്തികളും എൻ.ആർ.ഇ.ജി ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്.<br><br>പദ്ധതിക്കുള്ള തൈകളുടെ വിത്തുകൾ നൽകുന്നതും, തൈ ഉൽപ്പാദനത്തിന് കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം, സാങ്കേതികസഹായം, പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണം, പദ്ധതി ജനകീയ പങ്കാളിത്തത്തോടെ വിജയകരമാക്കുന്നതിന് ആവശ്യമായ പ്രചരണം തുടങ്ങിയ പ്രവൃത്തികളുടെ ചുമതല വനംവകുപ്പിന്റേതാണ്.<br><br>കൂടാതെ ഈ വർഷം ജൂൺമാസം നടുന്നതിനായി 25 ലക്ഷം തദ്ദേശീയമായ വിവിധയിനം വൃക്ഷതൈകൾ വനംവകുപ്പ് ഉൽപ്പാദിപ്പിച്ച് പഞ്ചായത്തുകൾക്ക് വിതരണംചെയ്യുന്നതാണ്. ഇതിനോടൊപ്പം, നാഷണൽ ബാംബൂ മിഷനിൽനിന്നും ഏകദേശം 15 ലക്ഷം മുളതൈകളും ഈ പദ്ധതിയ്ക്കായി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 3 17/02/2009-ൽ മറുപടിയ്ക്ക്

## വല്ലാർപാടം പദ്ധതി

| | | | |
|---|---|---|---|
| | **ചോദ്യം**<br>ശ്രീ. വി. സുരേന്ദ്രൻപിള്ള | | **ഉത്തരം**<br>ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(ബഹു. മുഖ്യ മന്ത്രി) |
| എ) | വല്ലാർപാടം പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്തത് ; | എ) | വല്ലാർപാടം ഐ.സി.റ്റി.റ്റി. റെയിലിനുവേണ്ടി 4.3914 ഹെക്ടർ സ്ഥലവും ഐ.സി.റ്റി.റ്റി. റോഡിനുവേണ്ടി 43.7594 ഹെക്ടർ സ്ഥലവും കൂടി മൊത്തം 48.1508 ഹെക്ടർ സ്ഥലം ടി പദ്ധതിക്കുവേണ്ടി അക്വയർ ചെയ്തിട്ടുണ്ട്. |
| ബി) | എത്ര കുടുംബങ്ങൾക്കാണ് കിടപ്പാടം ഒഴിഞ്ഞു കൊടുക്കേണ്ടി വന്നിട്ടുള്ളത് ; | ബി) | ഈ പദ്ധതിയുടെ, ഭാഗമായി 157 കുടുംബങ്ങളെ ഐ.സി.റ്റി.റ്റി റോഡിനുവേണ്ടിയും 144 കുടുംബങ്ങളെ ഐ.സി.റ്റി.റ്റി റെയിൽ പദ്ധതിക്കുവേണ്ടിയും കുടിയൊഴിപ്പിക്കേണ്ടി വന്നിട്ടുണ്ട്. |
| സി) | ഇവരുടെ പുനരധിവാസത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ; | സി) | പുനരധിവാസത്തിനായി മുളവുകാട് വില്ലേജ്, വാഴക്കാല വില്ലേജ്, ചേരാനല്ലൂർ വില്ലേജ്, കടമക്കുടി വില്ലേജ്, കാക്കനാട് വില്ലേജ് എന്നിവിടങ്ങളിൽ പുനരധിവാസ സ്ഥലങ്ങൾ കണ്ടെത്തുകയും ഇതിൽ വാഴക്കാല, കാക്കനാട്, ചേരാനല്ലൂർ എന്നീ പുനരധിവാസ സ്ഥലങ്ങളിലെ പ്ലോട്ടുകൾ ഗുണഭോക്താക്കൾക്ക് നറുക്കിട്ട് നൽകുകയും അവയുടെ പട്ടയങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കടമക്കുടി വില്ലേജിൽപ്പെട്ട മൂലമ്പിള്ളിയിലുള്ള പുനരധിവാസ സ്ഥലം പ്ലോട്ടുകൾ തിരിച്ച് നൽകുകയും അർഹരായവർക്ക് പട്ടയം തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവിടെ 11 പേരിൽ 2 പേർ ഇതിനകം പട്ടയം സ്വീകരിച്ചിട്ടുള്ളതുമാണ്. കടമക്കുടി വില്ലേജിൽ കോതാടുള്ള പുനരധിവാസ സ്ഥലത്തും, മുളവുകാട് വില്ലേജിലുള്ള പുനരധിവാസ സ്ഥലത്തും ഭൂമി ഒരുക്കൽ |

നടപടികൾ അന്ത്യഘട്ടത്തിലാണ്. പുനരധിവാസ പാക്കേജ് പ്രകാരം 4 മുതൽ 6 സെന്റ് വരെ ഭൂമിയാണ് ഗുണഭോക്താക്കൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ നൽകുന്നത്. പുനരധിവാസ ഭൂമിയിലേക്ക് റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ഡി) | വല്ലാർപാടം പദ്ധതിക്കായി സ്ഥലം വിട്ടുകൊടുത്ത കുടുംബങ്ങളിലെ ഒരാൾക്ക് വീതം ജോലി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | ഡി) | 19.03.2008-ലെ ജി.ഒ.(എം.എസ്) 62/2008/റ.വ. ഉത്തരവിൻ വല്ലാർപാടം പദ്ധതിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിലെയും ഒരാൾക്ക് യോഗ്യത അനുസരിച്ച് വല്ലാർപാടം പദ്ധതിയിൽ ജോലി നൽകുന്നതിനാവശ്യമായ തുടർനടപടികൾ പോർട്ട് ട്രസ്റ്റ് കൈക്കൊള്ളുന്നതാണ് എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഐ.സി.റ്റി.റ്റി പ്രോജക്റ്റ് ഒരു വിദേശകമ്പനി BOT അടിസ്ഥാനത്തിൽ നടപ്പാക്കുന്നതായതിനാലും BOT കരാറിൽ ജോലി നൽകാൻ വ്യവസ്ഥയില്ലാത്തതിനാലും ജോലി നൽകുന്നതിനുള്ള ചുമതല ഏറ്റെടുക്കാൻ നിർവ്വാഹമില്ല എന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |
| ഇ) | സ്ഥലം ഒഴിപ്പിക്കപ്പെട്ടവർക്ക് പട്ടയവും മറ്റ് ആനുകൂല്യങ്ങളും നൽകിയോ ; എങ്കിൽ പട്ടയം എത്ര പേർക്ക് നൽകി എന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | ഇ) | പുനരധിവാസത്തോടനുബന്ധിച്ച് ഒഴിപ്പിക്കപ്പെട്ട 218 പേർക്ക് പട്ടയം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 112 പേർ പട്ടയം കൈപ്പറ്റിക്കഴിഞ്ഞു. പ്രസ്തുത കുടുംബങ്ങൾക്ക് വാഴക്കാല വില്ലേജിൽപ്പെട്ട തുതിയൂർ എന്ന സ്ഥലത്തും മുളവുകാട്, ചേരാനല്ലൂർ, കാക്കനാട്, കടമക്കുടി എന്നീ വില്ലേജുകളിലുമായിട്ടാണ് സ്ഥലം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 4

17.2.2009 ൽ മറുപടിയ്ക്ക്

**നിത്യോപയോഗ സാധനങ്ങളുടെ വില**

ചോദ്യം

ശ്രീ. പി.സി.വിഷ്ണുനാഥ് ;
ശ്രീ. എം.എ. വാഹീദ് ;
ശ്രീ. കെ.സുധാകരൻ ;

എ) പെട്രോൾ - ഡീസൽ വില ഗണ്യമായി കുറഞ്ഞിട്ടും സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിൽ മാറ്റം വന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ബഹു; ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വില വർദ്ധനവ് ഉണ്ടായിട്ടില്ല.

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ ബാരലിന് 148 ഡോളർ വരെ വില ഉണ്ടായിരുന്നത് ഇപ്പോൾ 38 ഡോളറായി കുറഞ്ഞുവെങ്കിലും പെട്രോളിനും ഡീസലിനും കേന്ദ്ര സർക്കാർ നാമമാത്രമായ കുറവാണ് വരുത്തിയത്. അന്താരാഷ്ട്ര വിപണിയിലെ വില ഇടിവിനാനുപാതികമായി വില കുറച്ചിരുന്നുവെങ്കിൽ അവശ്യസാധനങ്ങൾക്ക് ഗണ്യമായ കുറവുണ്ടാകുമായിരുന്നു. പെട്രോൾ ഡീസൽ വിലയിൽ നേരിയ കുറവ് വന്നെങ്കിലും കേന്ദ്രം റെയിൽവേ കടത്തു കൂലി വർദ്ധിപ്പിച്ചത് വില കുറയുന്നതിന് തടസ്സമായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ശക്തമായ കമ്പോള ഇടപെടൽ നിമിത്തം അവശ്യസാധനങ്ങളുടെ വിലയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിലനിലവാരം കേരളത്തിൽ കുറവാണ്. ഉദാ: അരിയുടെ ഉല്പാദന കേന്ദ്രങ്ങളിൽ ഒന്നായ ആന്ധ്രയിൽ പച്ചരി 22 രൂപയാണെങ്കിൽ ഇവിടെ പച്ചരി പൊതുകമ്പോളത്തിൽ 18 രൂപയ്ക്കും, സപ്ളൈകോയിൽ 13.50 രൂപയ്ക്കും വിതരണം ചെയ്യുന്നു.

ചെറുപയറിന്റെ ഉല്പാദനകേന്ദ്രമായ കർണാടകത്തിൽ കിലോയ്ക്ക് 46 രൂപ വിലയുള്ളപ്പോൾ കേരളത്തിൽ 42 രൂപയാണ് വിലനിലവാരം.

മുളകിന്റെ ഉല്പാദനകേന്ദ്രമായ ഗുണ്ടൂരിൽ 65 രൂപ നിരക്കിൽ ലഭ്യമാകുമ്പോൾ ഇവിടെ 66 രൂപയാണ് വില നിലവാരം. ഗുണ്ടൂരിൽ നിന്ന് കേരളത്തിൽ

എത്തി എല്ലാ കടത്തു കൂലിയും നൽകി യിട്ടും ഒരു രൂപയുടെ വ്യത്യാസമാണ് അനുഭവപ്പെടുന്നത്.

ബി) നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശി ക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ബി) വിലക്കയറ്റം നിയന്ത്രിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങൾ വഴി റേഷൻ വിഹിതം കാര്യക്ഷമമായി വിതരണം നടത്തി വരുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻെറയും ARD ഷോപ്പുകളുടെയും 3000ത്തോളം വിപ ണനശാലകൾ, പീപ്പിൾസ് ബസാറു കൾ,സൂപ്പർമാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, കൂടാതെ വിശേഷാവസര ങ്ങളിൽ സംഘടിപ്പിക്കുന്ന പ്രത്യേക ബ സാറുകൾ എന്നിവയിലൂടെ ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ വില വർദ്ധനയില്ലാതെ വിതരണം ചെയ്തു വരുന്നുണ്ട്. അരിവില നിയന്ത്രിക്കുന്ന തിനായി പ്രത്യേകം അരിക്കടകൾ വഴി പച്ചരി കിലോക്ക് 13.50 രൂപയ്ക്കും പുഴുക്കൽ അരി 14 രൂപയ്ക്കും വിതരണ നടത്തി വരുന്നു. റേഷൻ കടകൾ വഴിയും സപ്ലൈകോ വിപണനശാല വഴിയും കിലോക്ക് 16 രൂപ നിരക്കിൽ കുത്തരി വിതരണം ചെയ്യുന്നുണ്ട്. റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 11 രൂപയ്ക്കും 11.50 രൂപയ്ക്കും വിതരണം ചെയ്യുന്നുണ്ട്. പ്രൈസ് മോണിറ്ററിംഗ് സെൽ, ഭക്ഷ്യോപദേശക സമിതി എന്നിവയുടെ പ്രവർത്തനം മൂലവും റേഷൻ അദാലത്തുകൾ നടത്തുക വഴിയും വില വർദ്ധനവ് തടയാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരള ത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള അവശ്യവസ്തുക്കളുടെ വരവ് സുഗമ മാക്കിയിട്ടുണ്ട്. കൂടാതെ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന കരിഞ്ചന്ത, പൂഴ്ത്തി വയ്പ് ഇവ തടയുന്നതിന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പൊതു വിപണിയിൽ ഒറ്റയ്ക്കും മറ്റു വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും കുറ്റ ക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കേരളത്തിലേക്ക് അവശ്യ സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ

നിന്നും കൊണ്ടുവരുന്നത് റെയിൽ-റോഡ് മാർഗ്ഗമാണ്. റെയിൽവെ ഈ അടുത്തിടെയായി ചരക്ക് കൂലി വർദ്ധിപ്പിച്ചിട്ടുണ്ട്. ലോറി വാടകയെ കുറിച്ച് പഠിച്ച് വാടകയിൽ ആനുപാതികമായ കുറവ് വരുത്തുന്നതിനായി നടപടി എടുത്തു വരികയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 5

17.2.2009 ൽ
മറുപടിയ്ക്ക്

## ഇൻഫോ പാർക്കിന്റെ വികസനത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ. എ.പി. അനിൽകുമാർ ;
ശ്രീ. കെ.സി. ജോസഫ് ;
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻഫോ പാർക്കിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

എ) ഇൻഫോപാർക്കിൽ ഏകദേശം 15 ലക്ഷം ചതുരശ്ര അടി തറ വിസ്തീർണ്ണത്തിലുള്ള ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. എയർപോർട്ട്-സീപോർട്ട് റോഡിൽ നിന്നും ഇൻഫോ പാർക്കിലേക്കുള്ള 4 വരി പാതയുടെ നിർമ്മാണവും ഈ കാലയളവിൽ ആരംഭിച്ചു. ഈ പാതയുടെ ഏകദേശം 30% പണി പൂർത്തിയായിട്ടുണ്ട്. വിസ്മയ ബിൽഡിങ്ങിൽ 18,000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഫുഡ് കോർട്ടിന്റെ നിർമ്മാണവും പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 5.5 ലക്ഷം ചതു. അടി വിസ്തീർണ്ണത്തിൽ പുതിയ ഐ.ടി. മന്ദിരങ്ങളുടെയും ശിലാസ്ഥാപന കർമ്മം 2.2.2009 ൽ നിർവ്വഹിച്ചു. പണി പുരോഗമിച്ചു വരുന്നു. 160 ഏക്കർ സ്ഥലത്ത് രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും സ്ഥലമെടുപ്പ് കഴിഞ്ഞാൽ ഉടൻ ആരംഭിക്കുന്നതാണ്. ചേർത്തല, കൊരട്ടി എന്നി സ്ഥലങ്ങളിൽ പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. അമ്പലപ്പുഴ പാർക്കിന് 15.2.2009 ന് തറക്കല്ലിട്ടു.

ബി) ഇവിടെ ഇതുവരെ മുഖ്യമന്ത്രി ഏതൊക്കെ പദ്ധതികൾക്കായി എത്ര തറക്കല്ലുകൾ സ്ഥാപിക്കുകയുണ്ടായി ;

ബി) എയർപോർട്ട് സീപോർട്ട് റോഡിൽ നിന്നും ആരംഭിക്കുന്ന 4 വരി പാത, 5.5 ലക്ഷം ചതു. അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന പുതിയ ഐ.ടി. മന്ദിരം, 25000 ചതു. അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന അതിഥിമന്ദിരം എന്നീ മൂന്ന് പദ്ധതികൾക്ക് ശിലാസ്ഥാപന കർമ്മം നിർവഹിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| സി) | ഇത്തരത്തിൽ തറക്കല്ലുകൾ സ്ഥാപിച്ച ഓരോ പദ്ധതികളുടെയും നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് ; | സി) | 4 വരി പാതയുടെ നിർമ്മാണം 30% പൂർത്തീകരിച്ചു. പുതിയ 5.5 ലക്ഷം ചതു.അടി ഐ.ടി. മന്ദിരത്തിന്റെ (അതുല്യ) നിർമ്മാണം ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. അതിഥി മന്ദിരം നിർമ്മാണവും പുരോഗമിക്കുന്നു. |
| ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം ഇൻഫോ പാർക്കിൽ ഓരോ വർഷവും പുതുതായി എത്ര തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സാധിച്ചു എന്ന് വെളിപ്പെടുത്തുമോ ? | ഡി) | 2006-07 ൽ 1500 ഉം 2007-08 ൽ 1000 ഉം 2008-09 ൽ നാളിതുവരെ 2000 ഉം തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 6

17.2.2009 ൽ
മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിനായി ചെയ്ത കാര്യങ്ങൾ

ചോദ്യം
ശ്രീ. ടി.എൻ. പ്രതാപൻ ;
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ;

എ) സ്മാർട്ട് സിറ്റി കരാർ ഒപ്പുവച്ച ശേഷം ഇതുവരെ ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ട് ;

ബി) ഇതിനായി നിശ്ചയിച്ചിരുന്ന സമയക്രമീകരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

സി) ഇതുവരെ സമയബന്ധിതമായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

ഡി) സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്ന പ്രവൃത്തികൾ എന്തൊക്കെയാണ് ;

ഇ) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം
ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

<u>(എ), (ബി), (സി), (ഡി) ആന്റ് (ഇ)</u>

13.5.2007 ൽ ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിട്ടുള്ള ഡെവലപ്മെന്റ് പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങളും ഇൻഫ്രാസ്ട്രക്ച്ചറും ചെയ്യേണ്ടതാണ്. ഇത് ചെയ്യുന്നതിന് മുമ്പായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

1. **Completion of minimum infrastructure.**
2. **Receipt of SEZ Notification in favour of Smart City Kochi Infrastructure Pvt. Ltd.**
3. **Receipt of statutory approvals for construction.**
4. **Execution of the lease deeds.**
5. **Completion of land acquisition for transfer to Smart City Kochi Infrastructure Pvt. Ltd.**
6. **Transfer of 16% share in Smart City Kochi Infrastructure Pvt. Ltd. in favour of Government of Kerala.**

ഇതിൽ താഴെപ്പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മുഴുവൻ സ്ഥലവും സ്മാർട്ട് സിറ്റിക്ക് കൈമാറിയിട്ടുണ്ട്. 16% ഓഹരി കേരള സർക്കാരിന് കൈമാറിയിട്ടുണ്ട്. പാട്ട കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റിക്ക് നൽകിയ 132 ഏക്കർ സ്ഥലത്തിന് സെസ് പദവി ലഭിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്ന് വിമുക്തമാക്കി. വൈദ്യുതി, ജലം എന്നിവ നൽകാനുള്ള ക്രമീകരണങ്ങൾ ചെയ്തു. പദ്ധതി പ്രദേശത്തേക്കുള്ള PWD റോഡിന്റെ ടാറിംഗ് നടന്നുവരുന്നു. മാസ്റ്റർ

പ്ലാൻ, soil investigation geo technical studies എന്നീ ജോലികൾ പുരോഗമിക്കുന്നു. KSEB യിൽ നിന്നും ഏറ്റെടുത്ത 100.65 ഏക്കർ സ്ഥലത്തിന് മദ്ധ്യേ പോകുന്ന PWD റോഡ് ഡൈവർട്ട് ചെയ്യാനും KSEB യുടെ ഇൻസ്റ്റലേഷൻസ് മാറ്റി സ്ഥാപിക്കാനും 19 സെന്റ് ഭൂമി അക്വയർ ചെയ്ത് സ്മാർട്ട് സിറ്റി കൊച്ചിക്ക് കൊടുക്കുവാനുമുള്ള നടപടികൾ എടുത്തു വരുന്നു. സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ട കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനെ തുടർന്ന് പുതിയ പാട്ടക്കരാറുകൾ ഒപ്പുവക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പാട്ടക്കരാറുകൾ പുതുക്കി പൊസഷൻ സർട്ടിഫിക്കറ്റ് നല്കുന്നതോടു കൂടി ഇന്ത്യാ ഗവൺമെന്റ് സെസ് നോട്ടിഫിക്കേഷൻ പ്രഖ്യാപിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 7 | 17-02-09 ൽ മറുപടിയ്ക്ക്

പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റെടുക്കൽ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.ടി. ജലീൽ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റെടുക്കൽ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) പ്രസ്തുത നിയമം നടപ്പാക്കുന്ന അവസരങ്ങളിൽ കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനു വേണ്ടി ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) നിയമത്തിന്റെ പരിധിയിൽ നിന്നും ചെറുകിട കർഷകരെ ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ഒരു നിശ്ചിത ഭൂപരിധിയിൽ കുറവു മാത്രം ഭൂമിയുള്ള ചെറുകിട കർഷകരുടെ ഭൂമി പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും, അതു സംബന്ധിച്ച പരാതി എത്രയും വേഗത്തിൽ സുതാര്യമായ രീതിയിൽ പരിശോധിച്ച് തീരുമാനം എടുക്കുന്നതിനും ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുന്നതുൾപ്പെടെയുള്ള നിയമഭേദഗതിയാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്. |
| (സി) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റെടുക്കൽ നിയമപ്രകാരം ഇതിനകം എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഏറ്റെടുക്കൽ നിയമ പ്രകാരം നാളിതു വരെയായി 32641.2462 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 8 17 - 02 - 2009 ൽ മറുപടിക്ക്

പ്രവാസി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. ബാബു പോൾ : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസികൾക്കായി ക്ഷേമനിധിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ അത് നിലവിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; | (എ) 2009 ലെ 10 - ാം ആക്ടായ "2008 ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് " നിയമസഭ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിൽ പ്രവാസികൾക്കായി ക്ഷേമനിധി വിഭാവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ക്ഷേമനിധി സ്കീമിന്റെ ഭരണ രീതി, നടപ്പ് രീതി, ചട്ടങ്ങൾ എന്നിവ പൂർത്തീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) ക്ഷേമനിധിയിലൂടെ നൽകാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ; | (ബി) പ്രസ്തുത ആക്ട് പ്രകാരം ക്ഷേമനിധി ഇനി പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ് , അതായത്: (എ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്കും കല്പിത അംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന്;(ബി) അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരംഗമോ ഒരു കല്പിത അംഗമോ മരിച്ചുപോയാൽ |

കുടുംബ പെൻഷൻ നൽകുന്നതിന് ; (സി) സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അംഗമായിരിക്കവേ മരണപ്പെടുകയോ അല്ലെങ്കിൽ അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ള അംഗങ്ങൾ അടച്ച അംശാദായത്തുക തിരികെ നൽകുന്നതിന് ;

(ഡി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന്;

(ഇ) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യ ശുശ്രൂഷക്കായി സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹാവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന്;

(ജി ) അംഗങ്ങൾക്ക് താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ, വസ്തു വാങ്ങുന്നതിനോ വസ്തുവും വീടും കൂടി വാങ്ങുന്നതിനോ വീടിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനോ അല്ലെങ്കിൽ അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾക്കോ സാമ്പത്തികസഹായമോ, വായ്പകളോ അല്ലെങ്കിൽ മുൻകൂറുകളോ നൽകുന്നതിന്.

(എച്ച്) സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്ന ആളുകൾക്ക് സ്വയം തൊഴിൽ നേടുന്നതിനായി സ്വയം തൊഴിൽ സഹായമോ അല്ലെങ്കിൽ വായ്പയോ നൽകുന്നതിന്;

(ഐ) തന്റെ നിത്യവൃത്തിയ്ക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക

അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്ന ഒരംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്.

| | |
|---|---|
| (സി) ക്ഷേമനിധിയിലേക്കുള്ള വിഹിതം ഏതുതരത്തിലാണ് നിജപ്പെടുത്തിയിട്ടുള്ളതെന്നു വിശദമാക്കുമോ ? | (സി) ക്ഷേമനിധിയിലേക്കുള്ള വിഹിതം താഴെപ്പറയുന്ന രീതിയിൽ നിജപ്പെടുത്തിയിട്ടുണ്ട്.<br>(1) വിദേശത്ത് ജോലിയിൽ തുടരുന്ന ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗവും പ്രതിമാസം മുന്നൂറു രൂപയും വിദേശത്തു നിന്ന് തിരികെവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ ഓരോ പ്രവാസി കേരളീയനായ ( വിദേശം) അംഗവും പ്രതിമാസം നൂറു രൂപയും നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.<br>(2) ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗവും പ്രതിമാസം നൂറു രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്;<br>(3) ഓരോ വർഷവും (1) - ഉം (2) - ഉം ഉപവകുപ്പുകൾ പ്രകാരം നൽകിയ അംശദായത്തിന്റെ രണ്ട് ശതമാനത്തിന് തുല്യമായ തുക ഗ്രാന്റായി സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ്.<br>(4) ഓരോ കൽപ്പിത അംഗവും പ്രതിമാസം അൻപതു രൂപ അംശദായമായി നിധിയിലേക്ക് നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 9 17 - 02 - 2009 ൽ മറുപടിക്ക്

**ആഗോള സാമ്പത്തിക പ്രതിസന്ധിയും വിദേശ മലയാളികളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ആഗോള സാമ്പത്തിക പ്രതിസന്ധി വിദേശ മലയാളികളെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്ന് പ്രവാസി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ആഗോള സാമ്പത്തിക പ്രതിസന്ധി വിദേശ മലയാളികളെ പ്രത്യേകിച്ച് ഗൾഫ് മലയാളികളെയും ബാധിച്ചിട്ടുള്ളതായി മാധ്യമങ്ങളിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആഗോള സാമ്പത്തിക പ്രതിസന്ധിയും പ്രത്യേകിച്ച് ഗൾഫിൽനിന്നുള്ള മലയാളികളുടെ വരവും കണക്കിലെടുത്ത് ഇവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുവാനും അവരെ പുനരധിവസിപ്പിക്കുവാൻ സർക്കാറിനു ചെയ്യാവുന്ന കാര്യങ്ങൾ തീരുമാനിക്കുന്നതിനുമായി ബന്ധപ്പെട്ട എല്ലാവരേയും പങ്കെടുപ്പിച്ച് ഒരു സെമിനാർ മാർച്ച് ആദ്യ വാരത്തിൽ നോർക്ക വകുപ്പ് അതിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സുമായി ചേർന്ന് നടത്തുവാൻ പരിപാടിയുണ്ട്. |

(ബി) തൊഴിൽ നഷ്ടംമൂലം എത്ര വിദേശമലയാളികൾ അടുത്തകാലത്തായി നാട്ടിൽ തിരിച്ചെത്തിയിട്ടുണ്ട് ;

(ബി) ഔദ്യോഗിക കണക്കുശേഖരണം നടത്തിയിട്ടില്ല .

(സി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) മേൽ സൂചിപ്പിച്ച സെമിനാറിൽ പ്രകടമാകുന്ന പ്രശ്നങ്ങളും ഉരുത്തിരിഞ്ഞു വരുന്ന അഭിപ്രായങ്ങൾക്കും അനുസൃതമായി ആവശ്യമെങ്കിൽ കേന്ദ്ര സർക്കാറിനോട് അഭ്യർത്ഥിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(ഡി) വിദേശ മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

( ഡി) വിദേശ മലയാളികൾക്കും വിദേശത്തു പോകാൻ ആഗ്രഹിക്കുന്നവർക്കും ആവശ്യമായ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, വിദേശത്തു വച്ച് മരിക്കുന്നവരുടെ മൃതദേഹം കൊണ്ടു വരുന്നത് , വിദേശത്ത് തടങ്കലിൽ കിടക്കുകയോ പീഡിപ്പിക്കപെടുന്നവർക്കോ വേണ്ട സഹായം, അംഗീകൃത റിക്രൂട്ടിംഗ് ഏജന്റ് എന്ന നിലയിലുള്ള സേവനം , വിദേശത്തു നിന്നും തിരികെ വന്നവർക്കുള്ള വിവിധോദ്ദേശ്യ ധനസഹായ പദ്ധതിയായ "സാന്ത്വന ", നിർധനരായ പ്രവാസികൾക്ക് നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട് എന്നീ സേവനങ്ങൾ വിദേശ മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട് .

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 10 | 17-02-2009 ൽ മറുപടിക്ക്

സ്വകാര്യ മേഖലയിൽ വിമാനത്താവളങ്ങൾ

ചോദ്യം:
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ.സി.എഫ്. തോമസ് :
പ്രൊഫ.എൻ.ജയരാജ് :

ഉത്തരം
ശ്രീ. വി.എസ്.അച്ചുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വിമാനത്താവളങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി). എങ്കിൽ ഇതിന്മേൽ എന്തു തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി). ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(എ). യും (ബി) യും (സി)യും.

കേരളത്തിൽ സ്വകാര്യ മേഖലയിൽ വിമാനത്താവളങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല. സ്വകാര്യമേഖലയിൽ വിമാനത്താവളം നിർമ്മിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽപ്പെടുന്ന വിഷയമാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 11 — 17.02.2009-ൽ മറുപടിയ്ക്ക്

# വന നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. രാജു:<br>ശ്രീ. വി.എസ്. സുനിൽകുമാർ :<br>ശ്രീമതി. ഇ.എസ്. ബിജിമോൾ : | ശ്രീ. ബിനോയ് വിശ്വം (വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുള്ള ഒരു വനനയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെ ഒരു നയം എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് കരട് വനനയം തയ്യാറാക്കിയിട്ടുണ്ട്. വനനയ പ്രഖ്യാപനം അന്തിമഘട്ടത്തിലാണ്. |
| (ബി) വന സംരക്ഷണത്തിൽ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കണമെന്ന കേന്ദ്ര വനനയം സംസ്ഥാനത്ത് എത്രത്തോളം പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ: | (ബി) വനസംരക്ഷണത്തിൽ വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി കേന്ദ്ര വന നയം അനുസരിച്ച് സംസ്ഥാനത്ത് പങ്കാളിത്ത വനപരിപാലനം (Participatory Forest Management - PFM) നടപ്പിലാക്കിവരുന്നു. പങ്കാളിത്ത വനപരിപാലനം നടപ്പാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 16.01.1998-ലെ സർക്കാർ ഉത്തരവ് നമ്പർ 8/98 പ്രകാരം പുറപ്പെടുവിച്ചതാണ്. തദ്ദേശീയരായ വനാശ്രിത സമൂഹങ്ങളിലെ കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന സമിതികൾ വഴിയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. കേരളത്തിൽ 33 വനവികസന ഏജൻസികളിലായി ഇപ്പോൾ ആകെ 598 സമിതികൾ നിലവിലുണ്ട്. പങ്കാളിത്ത വന പരിപാലനത്തിൽ ഇപ്രകാരം 66022 കുടുംബങ്ങൾ |

ഭാഗഭാക്കായി കഴിഞ്ഞിട്ടുണ്ട്. ഇവരെ വനംവകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലും സംരക്ഷണ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതുവഴി വനനയം വിഭാവനം ചെയ്യുന്ന വനപരിപാലനത്തിലെയും വനസംരക്ഷണത്തിലെയും പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി വനം വകുപ്പ് വന സംരക്ഷണ സമിതികൾ മുഖേനയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ മുഖേനയും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും അതിൽനിന്നുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്ത് അതിൽ നിന്നുള്ള അധിക വരുമാനം ആദിവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾക്കും വന്യ ജീവി ആക്രമണത്തിൽ ഇരയാവുന്ന ആദിവാസികൾക്ക് നഷ്ടപരിഹാരവും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി; ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും സംസ്ക്കരണവും കൂടുതൽ ശാസ്ത്രീയമാക്കി അവയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകി നടപ്പാക്കി വരുന്നുണ്ട്. സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ഒന്നര ക്യൂബിക്ക് മീറ്റർ തടി സീനിയറേജ് വിലയുടെ 25 ശതമാനം മാത്രം ഈടാക്കി നൽകിവരുന്നു. ഓരോ ആദിവാസി കുടുംബത്തിനും

ആഴ്ചയിൽ രണ്ടു തലച്ചുമട് ഈറ്റയും പൂർണ്ണവളർച്ചയെത്തിയ 5 മുളകളും നാമമാത്ര വില ഈടാക്കി പരമ്പരാഗത വ്യവസായത്തിനായി നൽകുന്നുണ്ട്.

ആദിവാസി സംരക്ഷണ സമിതികൾ മുഖേന ഔഷധ സസ്യ സംരക്ഷണവും പരിപോഷണവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. പട്ടികവർഗ്ഗ കോളനികളിലെ സഞ്ചാര സൗകര്യത്തിനായി പഴയ ഫോറസ്റ്റ് റോഡുകൾ സഞ്ചാര യോഗ്യമാക്കി. ട്രൈബൽ സെറ്റിൽമെന്റ് കോളനികളുടെ വൈദ്യുതീകരണത്തിന് ആവശ്യമായ വനഭൂമി വനനിയമ പ്രകാരം നൽകി. ആദിവാസി കോളനികളിൽ നിരവധി കുടിവെള്ള പദ്ധതികൾ തുടങ്ങുകയും പുതിയ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 12.

17..2..2009-ൽ മറുപടിക്ക്

## മിൽമ പുനഃസംഘടിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ,<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി എം.എൽ.എ.,<br>ശ്രീ. തോമസ് ചാഴികാടൻ എം.എൽ.എ. | ശ്രീ. സി. ദിവാകരൻ.<br>(ഭക്ഷ്യ-സിവിൽ സപ്ലൈസ്<br>മൃഗസംരക്ഷണ വകുപ്പു മന്ത്രി) |
| (എ) മിൽമ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരം;<br><br>(ബി) പുനഃസംഘടന കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (എ) (ബി) & (സി) ഉല്പാദകർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കിക്കൊണ്ട് മിൽമയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിനും പാൽ, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തരഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമുള്ള ശുപാർശ സമർപ്പിക്കുന്നതിനായി പ്രശസ്ത കാർഷിക ശാസ്ത്രജ്ഞനായ ശ്രീ. ആർ. ഹേലി ചെയർമാനായും താഴെപ്പറയുന്നവർ അംഗങ്ങളായും 03.02.2009-ലെ ജി.ഒ.(എം.എസ്) 27/2009/ എ.ഡി പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്:-<br><br>ശ്രീ. ആർ. വിജയകുമാർ<br>(ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്)<br><br>ശ്രീ. ജി. ശ്രീനാഥൻ<br>(ഡയറക്ടർ ക്ഷീരവികസന വകുപ്പ്)<br><br>ശ്രീ. സഞ്ജീബ് കുമാർ പട്ജോഷി<br>(മാനേജിംഗ് ഡയറക്ടർ മിൽമ)<br><br>ഡോ. അനി.എസ്.ദാസ്<br>(മാനേജിംഗ് ഡയറക്ടർ,<br>കെ.എൽ.ഡി. ബോർഡ്)<br><br>മലബാർ മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ എം.ഡി ഡോ. സി. ജയചന്ദ്രനെ വിദഗ്ദ്ധ അംഗമായി സമിതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *13** 17.02.2009-ൽ മറുപടിയ്ക്ക്

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികൾ**

**ചോദ്യം**
ശ്രീ. വി.ജെ.തങ്കപ്പൻ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീ.വി.എൻ.വാസവൻ

**ഉത്തരം**
ശ്രീ.വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) ഗ്രാമീണ മേഖലയിലുള്ള ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന് കൗൺസിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എ) യും (ബി) യും

ഉണ്ട്. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

**1. സ്പൈറ്റിസ് (SPYTiS)** : സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് ഹൈസ്ക്കൂളുകളിൽ എല്ലാ അദ്ധ്യയന വർഷവും നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിലൂടെ തിരഞ്ഞെടുക്കുന്ന ഗവേഷണ പദ്ധതികൾക്ക് പരമാവധി 5,000/- രൂപ വരെ ധനസഹായം നൽകി വരുന്നു. ഈ അദ്ധ്യയന വർഷം 63 ഗവേഷണ പദ്ധതികൾക്ക് ധനസഹായവും അനുമതിയും നൽകി.

**2. ശാസ്ത്രപോഷിണി:** സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിൽ പരീക്ഷണശാലകൾ സ്ഥാപിക്കുന്നതിനും അതിലൂടെ വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിനുമായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ പദ്ധതിയിലൂടെ പരമാവധി ഒരു സ്ക്കൂളിന് 2.75 ലക്ഷം രൂപ നൽകി വരുന്നു.

(തുടർച്ച----2)

| | | | |
|---|---|---|---|
| (സി) | ശാസ്ത്ര പോഷിണി പദ്ധതിയിൽ ഉൾപ്പെടുത്തി സ്ക്കൂളുകളിൽ കൂടുതൽ മാതൃകാ പരീക്ഷണശാലകൾ സ്ഥാപിക്കുമോ; | (സി) | ഈ അദ്ധ്യയന വർഷം ആറ് സ്ക്കൂളുകളിൽ കൂടി ശാസ്ത്ര പോഷിണി മാതൃകാ പരീക്ഷണശാലകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |
| (ഡി) | സയൻസ് പോപ്പുല റൈസേഷനു വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; ഇത് വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

## സയൻസ് പോപ്പുലറൈസേഷനുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ:

### (i) സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം:

ശാസ്ത്ര സാങ്കേതിക സംബന്ധിയായ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിനുവേണ്ടി സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം എന്ന സ്കീം നടപ്പിലാക്കിയിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണം, പരിസ്ഥിതി പരിപാലനം തുടങ്ങിയ ശാസ്ത്ര സാങ്കേതിക മേഖലകളിലെ നേട്ടങ്ങൾ അവയുടെ സാധ്യതകൾ സമകാലിക ശാസ്ത്ര സാങ്കേതിക വിഷയത്തിലെ സാധ്യതകൾ മുതലായവയെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്താൻ കഴിയുന്ന പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി ഒരു പ്രോജക്റ്റിന് പരമാവധി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

### (ii) Schemes for promoting S&T related Seminar/Symposia/ Workshop.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവർ നടത്തുന്ന ശാസ്ത്ര സാങ്കേതിക സംബന്ധിയായ സെമിനാറുകൾ, ശില്പശാലകൾ മുതലായവയുടെ പ്രോത്സാഹനാർത്ഥം നടപ്പിലാക്കിയിട്ടുള്ള സ്കീം ആണിത്. ശില്പശാലകൾക്ക് കോ-സ്പോൺസർഷിപ്പ് തുകയായി 5000/- രൂപ മുതൽ 20,000/- രൂപ വരെ നൽകാറുണ്ട്.

### (iii) ശാസ്ത്ര സാഹിത്യ അവാർഡുകൾ

മലയാള ഭാഷയിലൂടെ ശാസ്ത്ര വിഷയങ്ങളെ ജനകീയവൽക്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികളെ അംഗീകരിക്കുന്നതിനു വേണ്ടി ശാസ്ത്ര സാഹിത്യ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബാല ശാസ്ത്ര സാഹിത്യം, ജനപ്രിയ ശാസ്ത്ര സാഹിത്യം, വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്രപ്രവർത്തനം എന്നീ നാലു വിഭാഗങ്ങളിലാണ് പ്രത്യേക അവാർഡുകൾ നൽകുന്നത്.

(iv) സംസ്ഥാനമൊട്ടാകെ ദേശീയ ശാസ്ത്ര ദിനം, ദേശീയ സാങ്കേതിക ദിനം മുതലായ പ്രധാന ദിനങ്ങൾ ആചരിക്കുന്നതിനും അവയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിനും വേണ്ട വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.

(തുടർച്ച---2)

സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാമിന്റെ കീഴിലുള്ള വിവിധ പദ്ധതികളിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം എല്ലാ പത്രമാധ്യമങ്ങളിലും നൽകിവരാറുണ്ട്. കൂടാതെ പദ്ധതികളുടെ മാർഗ്ഗരേഖകൾ, അപേക്ഷഫോം മുതലായവ കൗൺസിലിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 14 — 17-02-2009 ൽ മറുപടിക്ക്

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനം

ചോദ്യം:
ശ്രീ. ജോസഫ്.എം.പുതുശ്ശേരി :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.തോമസ് ചാഴികാടൻ :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനം ഏത് ഘട്ടം വരെയായി; ഇതിനായി എത്ര സ്ഥലം അക്വയർ ചെയ്തു; ഇനിയും എത്ര സ്ഥലം കൂടി ഏറ്റെടുക്കേണ്ടതായുണ്ട് ; പൂർണ്ണമായും സ്ഥലം ഏറ്റെടുത്ത് കഴിയുമ്പോൾ വിമാനത്താവളത്തിന് ആകെ എത്ര വിസ്തൃതിയുണ്ടാകും ;

(എ). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിന്റെ പ്രവർത്തനം 2009 മെയ് അവസാനത്തോടെ പൂർത്തിയാക്കാനാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്യമിട്ടിരിക്കുന്നത്. ആദ്യഘട്ടം 2008 ഡിസംബറോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഒന്നും രണ്ടും ഘട്ടങ്ങൾ സംയോജിപ്പിക്കുകയും 70%-ത്തിലധികം പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിമാനത്താവള വികസനത്തിന് ആവശ്യമായ സ്ഥലം ഘട്ടം ഘട്ടമായി ഏറ്റെടുത്തു നൽകാമെന്നാണ് സംസ്ഥാന സർക്കാർ എയർപോർട്ട് അതോറിറ്റിയ്ക്ക് ഉറപ്പു നൽകിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നൽകിയ 27.56 ഏക്കർ ഭൂമിയിൽ പുതിയ രാജ്യാന്തര ടെർമിനലിന്റെ നിർമ്മാണം ഇപ്പോൾ പുരോഗമിച്ചുവരികയാണ്. രണ്ടാം ഘട്ടത്തിൽ 93 ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് കൈമാറാനുള്ളത്. ഇതിൽ 5 ഏക്കർ ഭൂമി കൂടി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ബാക്കി 88 ഏക്കർ ഭൂമി കൂടി ഇനി ഏറ്റെടുത്ത് കൈമാറാനുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ മൊത്തം വിസ്തീർണ്ണം 610 ഏക്കർ ആണ്. ബാക്കി സ്ഥലംകൂടി ഏറ്റെടുത്ത് കഴിയുമ്പോൾ ഇത് 730 ഏക്കറാകും.

(ബി). പ്രസ്തുത വികസനം വഴി എന്തെല്ലാം സംവിധാനങ്ങൾ വിമാനത്താവളത്തിന് കൈവരിക്കാനാകും ;

(ബി). പുതിയ അന്താഷ്ട്ര ടെർമിനൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 28,800 ചതുരശ്ര മീറ്റർ ആണ്. തിരക്കുള്ള അവസരങ്ങളിൽ 1600 യാത്രക്കാർക്കും വർഷത്തിൽ 19.47 ലക്ഷം യാത്രക്കാർക്കും ഉള്ള സൗകര്യം ഉണ്ട്. എട്ട് വിമാനങ്ങൾക്കായി പാർക്കിംഗ് ബേ സൗകര്യവും മൂന്ന് എയ്റോ ബ്രിഡ്ജുകളുമുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ എയ്റോ ബ്രിഡ്ജുകൾ പണിയുന്നതിനുള്ള സംവിധാനവും ഉണ്ട്. 606 കാറുകൾ പാർക്കുചെയ്യാനുള്ള സൗകര്യവും, 30 ചെക്ക് -ഇൻ കൗണ്ടറുകളും ഇമിഗ്രേഷനായി 18-ഉം സെക്യൂരിറ്റി പരിശോധനക്കായി 3 യൂണിറ്റുകളും ഉണ്ട്. വിമാനങ്ങളുടെ പുറപ്പെടൽ സംബന്ധിച്ച ആവശ്യങ്ങൾക്കും വിമാനങ്ങളുടെ എത്തിച്ചേരൽ സംബന്ധിച്ച് ഇമിഗ്രേഷനായി 18 യൂണിറ്റുകളും 18 കസ്റ്റംസ് കൗണ്ടറുകളും, 4 കൺവയർ ബെൽറ്റുകളും ഉണ്ട്. പുറപ്പെടുന്നതും എത്തിച്ചേരുന്നതുമായ യാത്രക്കാരെ ഗ്രേഡ് അനുസരിച്ചും കാര്യക്ഷമമായ പ്ലാനിംങ്ങോടെയും വേർതിരിക്കാനാകും. ഇക്കോ ഫ്രണ്ട്‌ലി ഡിസൈൻ, കോൺക്രീറ്റിന്റെ ഏറ്റവും കുറഞ്ഞ ഉപയോഗം, പ്രീ-ഫാബ് സിസ്റ്റത്തിന്റെഏറ്റവും കൂടിയ ഉപയോഗം, തനതായി ചൂട് പുറത്തേക്ക് പോകുന്നതിനുള്ള സംവിധാനം, രാത്രികാല കാഴ്ചകൾക്കായി വ്യാപകമായി ഗ്ലാസ് ഉപയോഗം എന്നിവയാണ് പദ്ധതിയുടെ പ്രത്യേകതകൾ.

(സി). എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് ;

(സി). പുതിയ അന്താരാഷ്ട്ര ടെർമിനലിനായി ചിലവ് കണക്കാക്കിയിരുന്നത് 245.58 കോടി രൂപയാണ്. പക്ഷേ ഇപ്പോൾ അത് 300 കോടി കവിയുമെന്നാണറിയുന്നത്.

(ഡി). ഇവ പൂർത്തീകരിച്ച് എന്ന് പ്രവർത്തന സജ്ജമാകുമെന്ന് അറിയിക്കുമോ ?

(ഡി). പുതിയ അന്താരാഷ്ട്ര വിമാനത്താവളത്തിനായുള്ള ഒന്നും രണ്ടും ഘട്ട പദ്ധതിയുടെ ജോലി 2009 മേയ്മാസത്തോടെ പൂർത്തീകരിക്കാനാകും എന്നാണ് കരുതുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 15

17.2.2009 ൽ
മറുപടിയ്ക്ക്

## ആഗോള മാന്ദ്യംമൂലം ഐ.ടി. മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി. മോഹനൻ ;<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ ;<br>ശ്രീ. ജോസ് തെറ്റയിൽ ;<br>ശ്രീ. എം.കെ. പ്രേമനാഥ് ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാന ഐ.ടി. മേഖലയിലുണ്ടാക്കിയ ആഘാതത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ; | എ) | പുതിയ പ്രോജക്ടുകളുടെ ലഭ്യത, പുതിയ നിയമനങ്ങൾ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ മാന്ദ്യം ബാധിച്ചിട്ടുണ്ട്. എങ്കിലും ഐ.ടി. മേഖലയിൽ പുതിയ തൊഴിൽ സംരംഭകർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും ചെറുകിട-ഇടത്തരം സംരംഭകരാണ്. |
| ബി) | ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഐ.ടി. വികസന പരിപാടികളുടെ നിലപാട് വ്യക്തമാക്കുമോ ; | ബി) | ഐ.ടി. വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ ഒരുക്കിയിടാൻ സാധിച്ചാൽ ആഗോള സാമ്പത്തിക മാന്ദ്യം കുറഞ്ഞുവരുന്ന ഘട്ടത്തിൽ അത് സംസ്ഥാനത്തിന്റെ ഭാവി ഐ.ടി. വികസനത്തിന് ഏറെ ഗുണകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഐ.ടി. മേഖലയിൽ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ? | സി) | ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിന് ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 16 — 17.2.2009 ൽ മറുപടിയ്ക്ക്

# അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീമതി.കെ.കെ.ലതിക<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതിക്ക് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;<br><br>(ബി) നടപ്പ് പദ്ധതിയെക്കാൾ എത്ര ശതമാനം വർദ്ധനവാണ് അടുത്ത വർഷത്തെ പദ്ധതിയ്ക്കുള്ളത് ; | (എ) (ബി) അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് 8650 കോടി രൂപ അടങ്കലുള്ള പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ അംഗീകരിച്ച് ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനും സംസ്ഥാന മുഖ്യമന്ത്രിയുമായുള്ള ചർച്ചയ്ക്ക് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ സംസ്ഥാനത്തിനുള്ള പദ്ധതി അടങ്കലായി 8660 കോടി രൂപ ആസൂത്രണ കമ്മീഷൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഔദ്യോഗിക രേഖകൾ ലഭ്യമായിട്ടില്ല. ഈ അടങ്കൽ, നടപ്പു പദ്ധതി വിഹിതത്തേക്കാൾ 12.46 ശതമാനം കൂടുതലാണ്. |
| (സി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ ഊന്നൽ നൽകുന്നത് ; | (സി) ഭക്ഷ്യോല്പാദനം, കന്നുകാലി വികസനം, പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി വികസനം, എന്നിവയും, വിദ്യാഭ്യാസം, ആരോഗ്യം, സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമം എന്നിവയും അടുത്ത വാർഷിക പദ്ധതിയുടെ നിർദ്ദേശത്തിൽ പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. |
| (ഡി) സാമൂഹ്യ സേവന മേഖലകൾക്ക് നടപ്പ് വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ; അടുത്ത വാർഷിക പദ്ധതിയിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ഡി) നടപ്പു വർഷം സാമൂഹ്യവും സാമൂഹ്യസേവനപരവുമായ മേഖലകൾക്ക് വേണ്ടി 2415.85 കോടി രൂപയുള്ള പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. അടുത്ത വാർഷിക പദ്ധതിയിൽ അനുവദിക്കുന്ന തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ ബഡ്ജറ്റ് അവതരണത്തിനു ശേഷമേ അറിയാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | തദ്ദേശ സ്ഥാപനങ്ങൾക്ക് മുൻവർഷത്തെക്കാൾ എത്ര കോടി രൂപ കൂടുതലായി വകയിരുത്തിയിട്ടുണ്ട് എന്നും നടപ്പ് സാമ്പത്തിക വർഷം പദ്ധതിയുടെ എത്ര ശതമാനം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ? | (ഇ) | തദ്ദേശ സ്ഥാപനങ്ങൾക്ക് മുൻവർഷത്തെക്കാൾ കൂടുതലായി അനുവദിക്കുന്ന തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ സംസ്ഥാന ബഡ്ജറ്റ് അവതരണത്തിനു ശേഷം മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. സി.പി.എം. യൂണിറ്റിന്റെ കണക്കു പ്രകാരം, നടപ്പു സാമ്പത്തിക വർഷം (ഡിസംബർ 31 വരെ) പദ്ധതിയുടെ 28.1 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17. 17.2.2009-ൽ മറുപടിയ്ക്ക്

## ന്യായവിലയ്ക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ

ചോദ്യം: ഉത്തരം:

ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. ചന്ദ്രൻ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ.സി. കുഞ്ഞിരാമൻ:
ശ്രീ. പി.ടി.എ. റഹീം :

ശ്രീ. ബിനോയ് വിശ്വം :
(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

എ) കെട്ടിട നിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ആരംഭിച്ച ' കലവറ ' യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

എ) ഉണ്ട്. എറണാകുളം കളമശ്ശേരിയിലുള്ള കലവറ ന്യായവില വിപണന കേന്ദ്രത്തിൽ നിന്നും 33.04 ലക്ഷം - രൂപയുടെ നിർമ്മാണ സാമഗ്രികളും, കോഴിക്കോട് 'കലവറ' ന്യായവില വിപണന കേന്ദ്രത്തിൽ നിന്നും 10.63 ലക്ഷം രൂപയുടെ നിർമ്മാണ സാമഗ്രികളും, തിരുവനന്തപുരം ന്യായവില വിപണന കേന്ദ്രത്തിൽ നിന്നും 7.61 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണ സാമഗ്രികളും 2009 ജനുവരി 31 വരെ ന്യായവിലയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

പൊതു വിപണിയിലെ വില കലവറയിലേയ്ക്ക് സാധനങ്ങൾ വാങ്ങിയ വിലയെക്കാൾ കുറയുമ്പോൾ സ്വാഭാവികമായും കല

വറയിലെ വിൽപ്പന കുറഞ്ഞു വന്നിരുന്നു. ഇത് പരിഹരിക്കുന്നതിനായി മാർഗ്ഗരേഖകളിൽ മാറ്റം വരുത്തുകയും അതനുസരിച്ച് പൊതുവിപണിയിലെ വിലയെക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു, അങ്ങനെ ചുരുക്കം ചില സന്ദർഭങ്ങളിൽ നിർമ്മിതി വാങ്ങിയ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് BPL വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും അതേ വിലയ്ക്കു തന്നെ APL വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സാധനങ്ങൾ നൽകി വരുന്നു. സാധനങ്ങൾ വിലകുറച്ചു ലഭ്യമാക്കാൻ വേണ്ടി കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമൻറ്, രാഷ്ട്രീയ ഇസ്പാറ്റ് നിഗം ലിമിറ്റഡ് തുടങ്ങിയവയുമായി ചർച്ചകൾ തുടർന്നു വരുന്നു.

ബി) ഇവിടെ എന്തെല്ലാം കെട്ടിടനിർമ്മാണ സാമഗ്രികളാണ് വിതരണം ചെയ്യുന്നത്; ഇവയുടെ ഓപ്പൻ മാർക്കറ്റിലെ വിലയും കലവറയിലെ വിലയും താരതമ്യം ചെയ്ത് വെളിപ്പെടുത്തുമോ;

ബി) നിർമ്മിതി കേന്ദ്രത്തിൻെറ കലവറ ന്യായവില വിപണന കേന്ദ്രങ്ങൾ വഴി സിമൻറ്, കമ്പി എന്നീ കെട്ടിട നിർമ്മാണ സാമഗ്രികളാണ് വിതരണം ചെയ്യുന്നത്.

നിർമ്മാണ സാമഗ്രികൾക്ക് പൊതു വിപണിയിലുണ്ടാകുന്ന വിലയിലെ ഏറ്റകുറച്ചിലുകൾ കണക്കിലെടുത്ത് കലവറയിലെ

| | | | |
|---|---|---|---|
| | | | സാധനങ്ങളുടെ വില ഓരോ ദിവസവും പുതുക്കി നിശ്ചയിച്ചു വരുന്നു.<br>സിമൻറ് , കമ്പി ഇവയുടെ കലവറയിലെ വിലയും പൊതു വിപണിയിലെ വിലയും താരതമ്യം ചെയ്യുന്ന പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്. |
| സി) | എല്ലാ ജില്ലകളിലും ഇത്തരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) | ഉണ്ട്. എല്ലാ ജില്ലകളിലും ഇത്തരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. |

Lalithabai .O

സെക്ഷൻ ഓഫീസർ.

Annexure

| Kalavara Rates and Market Rates | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Ernakulam | | | | | Kozhikode | | | Vattiyoorkavu | | |
| Month | Item | BPL | APL | Market Rate | BPL | APL | Market Rate | BPL | APL | Market Rate |
| | Cement | 270.00 | 275.00 | 280.00 | | | | | | |
| Jun-08 | Steel | 30.00 | 32.00 | 36.00 | | | | | | |
| | Cement | 259.00 | 272.00 | 275.00 | | | | | | |
| Jul-08 | Steel | 42.60 | 47.00 | 48.00 | | | | | | |
| | Cement | 248.00 | 258.00 | 260.00 | | | | | | |
| Aug-08 | Steel | 42.00 | 43.00 | 45.00 | | | | | | |
| | Cement | 0.00 | 287.00 | 290.00 | 0.00 | 287.20 | 290.00 | | | |
| Sep-08 | Steel | 44.73 | 46.93 | 48.00 | 44.74 | 0.00 | 46.00 | | | |
| | Cement | 273.00 | 0.00 | 278.00 | 0.00 | 283.00 | 285.00 | | | |
| Oct-08 | Steel | 0.00 | 44.41 | 45.00 | 35.48 | 38.51 | 40.00 | | | |
| | Cement | 0.00 | 287.00 | 290.00 | 0.00 | 290.00 | 290.00 | 268.61 | 282.00 | 282.00 |
| Nov-08 | Steel | 0.00 | 44.86 | 45.00 | 35.48 | 40.00 | 40.00 | 38.60 | 41.00 | 41.00 |
| | Cement | 0.00 | 286.00 | 286.00 | 0.00 | 0.00 | 290.00 | 268.61 | 277.71 | 278.00 |
| Dec-08 | Steel | 0.00 | 0.00 | 45.00 | 37.30 | 39.20 | 39.20 | 37.50 | 0.00 | 39.00 |
| | Cement | 267.17 | 272.79 | 273.00 | 255.00 | 260.00 | 265.00 | 262.00 | 270.00 | 275.00 |
| Jan-09 | Steel | 36.41 | 37.45 | 37.50 | 36.36 | 37.00 | 38.00 | 34.60 | 35.50 | 35.50 |

Lalithakumari O

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18 | 17.2.2009 ൽ മറുപടിയ്ക്ക്

## ആഗോള സാമ്പത്തികമാന്ദ്യവും ഐ.ടി. മേഖലയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ ;<br>ശ്രീ. പി. വിശ്വൻ ;<br>ശ്രീ. വി.ജെ. തങ്കപ്പൻ ;<br>ശ്രീ. വി. ശശികുമാർ ;<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ആഗോള സാമ്പത്തികമാന്ദ്യം സംസ്ഥാനത്തെ ഐ.ടി. മേഖലയെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) പുതിയ പ്രോജക്ടുകളുടെ ലഭ്യത, പുതിയ നിയമനങ്ങൾ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ മാന്ദ്യം ബാധിച്ചിട്ടുണ്ട്. എങ്കിലും ഐ.ടി. മേഖലയിൽ പുതിയ തൊഴിൽ സംരംഭകർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും ചെറുകിട-ഇടത്തരം സംരംഭകരാണ്. |
| ബി) സാമ്പത്തിക പ്രതിസന്ധിമൂലം ഐ.ടി. മേഖലയിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് ; ഇതു സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ് ; | ബി) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ ആഗോള മാന്ദ്യം മൂലം വ്യാപകമായ തൊഴിൽ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് മറ്റ് കമ്പനികളിൽ തൊഴിൽ ലഭിക്കുന്നതായാണ് കണ്ടുവരുന്നത്.<br><br>തൊഴിൽ നയം സംബന്ധിച്ചുള്ള തർക്കങ്ങളുടെ സ്വഭാവം സർക്കാർ പഠിച്ച് ഐ.ടി. വ്യവസായത്തിന്റെ മത്സരക്ഷമത സംരക്ഷിച്ചുകൊണ്ടുതന്നെ ജീവനക്കാരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ നടപ്പിലാക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |
| സി) ഐ.ടി. മേഖലയെ രക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | സി) ഐ.ടി. മേഖലയെ രക്ഷിക്കുന്നതിന് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

— — —

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 19 17.02.2009 ൽ മറുപടിയ്ക്ക്.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീമതി. പി. അയിഷാപോറ്റി
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
ശ്രീ. എം. ചന്ദ്രൻ
ശ്രീ. കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി )

(എ) സ്വീകരിച്ചിട്ടുണ്ട്.
(1) ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ് മെന്റ് നടപ്പിലാക്കുക വഴി എല്ലാ വില്പനശാലകളിലും എല്ലാ സമയത്തും ആവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പു വരുത്തി.

(2) ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

(3) ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം ഏർപ്പെടുത്തുക വഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

(4) കോർപ്പറേഷന്റെ പ്രയോജനം മുഴുവൻ ജനങ്ങളിലും എത്തിക്കുവാനായി കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ 58 മാവേലി സ്റ്റോറുകളും 79 സൂപ്പർ മാർക്കറ്റുകളും 34 മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചു.

(5) ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ടയുടെ വിതരണം തുടങ്ങി.

(6) അരിയുടെ പൊതുവിപണിയിലെ വിലവർദ്ധന തടയുവാനായി 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും കോർപ്പറേഷന്റെ എല്ലാ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു.

(7) അടുത്ത സാമ്പത്തിക വർഷം 250 പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചു.

(8) 5 മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ തുടങ്ങുകയും അതുവഴി ജീവൻ രക്ഷാ മരുന്നുകൾ അടക്കം എല്ലാ മരുന്നുകളും കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി മെഡിക്കൽ സ്റ്റോറുകൾ വഴി 10 മുതൽ 25 ശതമാനം വരെ വിലക്കുറച്ച് വിതരണം ചെയ്യുന്നു.

(9) 1671 എ ആർ.ഡി . ശബരി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ് സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(10) ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിപ്പിക്കാനും വില്പനശാലകൾ സന്ദർശിക്കുന്ന ജനങ്ങളുടെ എണ്ണം 32 ലക്ഷത്തിൽ നിന്നും 80 ലക്ഷമായി ഉയർത്താനും കഴിഞ്ഞു. മൊത്തം ജനസംഖ്യയുടെ 1/4 ജനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉപഭോക്താക്കളായതുകൊണ്ട് പൊതു വിപണിയിലെ വിലവർദ്ധന തടയുവാൻ സാധിച്ചിട്ടുണ്ട്.

(11) 2005-2006 -ൽ കോർപ്പറേഷന്റെ വിറ്റുവരവ് 701 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം 1700 കോടി രൂപയായി വർദ്ധിക്കുന്നതാണ്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് കോർപ്പറേഷന്റെ വിറ്റുവരവ് 250% വർദ്ധിച്ചത് പൊതുജനങ്ങൾക്ക് കോർപ്പറേഷനിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ തെളിവാണ്.

(12) മുൻകാലങ്ങളിൽ ഉപഭോക്താക്കൾക്ക് ലഭിച്ചിരുന്ന വിലക്കുറവ് 10 ശതമാനം മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ പൊതുവിപണിയേക്കാൾ 30 ശതമാനത്തിലധികം വിലക്കുറവിലാണ് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത്.

(13) ഈ സാമ്പത്തിക വർഷം സർക്കാർ കോർപ്പറേഷന് 85 കോടി രൂപ മാർക്കറ്റ് ഇടപെടലിനുവേണ്ടി നൽകിയപ്പോൾ കോർപ്പറേഷൻ പൊതുജനങ്ങൾക്ക് 200 കോടിയിലധികം രൂപയുടെ വിലക്കുറവ് നൽകിയിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ശരാശരി 50 കോടി രൂപാ മാർക്കറ്റ് ഇടപെടലിനായി ലഭിച്ചിരുന്നപ്പോൾ ഉപഭോക്താക്കൾക്ക് ലഭിച്ച വിലക്കുറവ് 20 മുതൽ 30 കോടി രൂപയുടേതു മാത്രമായിരുന്നു. എന്നാൽ ഈ വർഷം 85 കോടി രൂപ അനുവദിച്ചപ്പോൾ ഉപഭോക്താക്കൾക്ക് ലഭിച്ചത് 200 കോടിയിലികം രൂപയുടെ പ്രയോജനമാണ്.
ബാക്കി 125 കോടി രൂപയുടെ വിക്കുറവ് മറ്റ് കച്ചവടങ്ങളിൽ നിന്നും ഉണ്ടാക്കിയ മാർജിൻ ഉപയോഗിച്ച് നൽകുകയാണ് ചെയ്തത്. കോർപ്പറേഷനെകൊണ്ടുള്ള സാമൂഹിക ഗുണം പൊതു ചെലവിന്റെ ഇരട്ടിയിലധികമാണെന്ന് കാണുവാൻ കഴിയും. സംസ്ഥാനത്തെ മിക്ക സ്ഥാപനങ്ങളിലും കോർപ്പറേഷന്റെ പുതിയ വില്പനശാലകൾ തുറക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ജനങ്ങൾക്ക് കോർപ്പറേഷനെകൊണ്ടുള്ള പ്രയോജനം വർദ്ധിച്ചതിന്റെ തെളിവാണ്.

(14) ഗോതമ്പുല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനായി ബി. ഒ. ടി. അടിസ്ഥാനത്തിൽ ഒരു റോളർ ഫ് ളവർ മിൽ പത്തനംതിട്ടയിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്.

(15) മേല്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം 25 ശതമാനമായി വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

(16) നവീകരിച്ച ഭരണ നിയന്ത്രണ സംവിധാനം ശാസ്ത്രീയമായ വിലനിർണ്ണയം ഏറ്റവും കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങിയതുകൊണ്ടുണ്ടായ ലാഭം വില്പനശാലകളിലെ പരിഷ് കരിച്ച് പ്രവർത്തനം തുടങ്ങിയവ മൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി 2007-08 മുതൽ പ്രവർത്തന ലാഭം ഉണ്ടാക്കാൻ കഴിഞ്ഞു.

(ബി) ഭക്ഷ്യധാന്യങ്ങളുടെ കരുതൽ ശേഖരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന് ആവശ്യമായ ഗോഡൗൺ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

<u>(ബി) യും (സി) യും</u>

കോർപ്പറേഷനിൽ ശാസ്ത്രീയമായ ഇൻവെന്ററി മാനേജ് മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് മാസത്തെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും സാധനങ്ങൾ വാങ്ങുന്നത്. ഭക്ഷ്യ വസ്തുക്കൾ കൂടുതൽ കാലം ശേഖരിച്ചു വെച്ചാൽ ഗുണനിലവാരം കുറയുവാനുള്ള സാദ്ധ്യതയുള്ളതിനാൽ ഇതിൽ കൂടുതൽ ശേഖരിച്ചുവെയ്ക്കുന്നത് അഭിലഷണീയമല്ല. ആവശ്യമെങ്കിൽ കേരളത്തിൽ സംഭരിക്കുന്ന അരി 50,000 മെട്രിക് ടൺ ബഫർ സ്റ്റോക്കായി ശേഖരിച്ച് വച്ച് വില നിലവാരം പിടിച്ച് നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) റേഷൻ വിതരണത്തിനായുള്ള മൊത്തവിതരണ കേന്ദ്രങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ഡി) തൃശ്ശൂർ താലൂക്കിലെ റേഷൻ മൊത്ത വിതരണം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനോട് ഏറ്റെടുക്കുവാനുള്ള സർക്കാർ ഉത്തരവിനെ തുടർന്ന് പാലക്കാട് റീജിയണൽ മാനേജറെ തുടർ നടപടികൾ

ഏടുക്കുന്നതിനു ചുമതലപ്പെടുത്തുകയും അദ്ദേഹത്തിന്റെ റിപ്പോർട്ട് പ്രകാരം തൃശ്ശൂർ താലൂക്കിലെ റേഷൻ മൊത്ത വിതരണം ഏറ്റെടുക്കുവാൻ കോർപ്പറേഷന് കഴിയുമെന്നുള്ള വിവരം സർക്കാരിൽ 04.11.2008 -ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി 28.07.2008-ന് WA No. 1563/08 പ്രകാരം മേൽ ഉത്തരവിനെതിരെ സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും 05.09.2008-ന് ഈ ഉത്തരവ് അനിശ്ചിത കാലത്തേയ്ക്ക് നീട്ടിക്കൊണ്ടും ഉത്തരവായിട്ടുള്ളതിനാൽ കോർപ്പറേഷന്റെ തൃശ്ശൂർ താലൂക്കിലെ റേഷൻ മൊത്തവിതരണം ഏറ്റെടുക്കൽ താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ടി സ്റ്റേ ഉത്തരവ് പിൻവലിപ്പിക്കുന്നതിനും കേസ് പ്രതിരോധിക്കുന്നതിനുമായി വിശദമായ അഫിഡവിറ്റും സ്റ്റേറ്റ്മെന്റും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:20 17..2..2009-ൽ മറുപടിക്ക്

### പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. പി. പത്മനാഭൻ എം.എൽ.എ.<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ എം.എൽ.എ.<br>ശ്രീ. എ.സി. മൊയ്തീൻ എം.എൽ.എ.<br>ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.<br>ശ്രീ. സി.കെ. സദാശിവൻ എം.എൽ.എ. | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യ-സിവിൽ സപ്ലൈസ്<br>മൃഗസംരക്ഷണ വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉല്പാദനം വർദ്ധിപ്പിച്ച് പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി പശുഗ്രാമം, (3 കോടി രൂപ), മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (6 കോടി രൂപ), വിദർഭപാക്കേജ് (26 കോടി രൂപ) തീറ്റപ്പുൽ കൃഷി വികസനവും വിജ്ഞാപനവും, ബോധവൽക്കരണവും, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടുള്ള ക്ഷീരവികസന പദ്ധതികൾ, (15 കോടി രൂപ) കാലിരോഗ നിർമ്മാർജ്ജനം, ഗോസുരക്ഷ, ക്ഷീരധാര പ്രത്യേക കന്നുകുട്ടി പരി പാലനം, കാഫ് കെയർ കിറ്റുകളുടെ വിതരണം, അകിട് വീക്കരോഗ നിയ ന്ത്രണം, വന്ധ്യതാ നിവാരണം, ഗർഭിണി/ കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്നു തുടങ്ങിയവ വിതരണം ചെയ്യൽ, മുന്തിയയിനം വിത്തുകാളകളുടെ ഇറക്കുമതി, ഗോസമൃദ്ധി തുടങ്ങിയ വിവിധ പദ്ധതികൾ ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകളും കെ.എൽ.ഡി. ബോർഡും സംയുക്തമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഉൽപാദന ക്ഷമത കൂടി കന്നുകാലികളെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ എത്തിച്ച് വിതരണം ചെയ്തു. ഈ ഇനത്തിൽ ഇതുവരെ മൊത്തം 24,000 എണ്ണം കന്നുകാലികളെ വിതരണം ചെയ്തു. കൂടാതെ സമഗ്രമായ പ്രജനനനയം പ്രഖ്യാപിച്ചു സൗജന്യമായി കൃത്രിമ ബീജ സങ്കലനം കർഷകർക്ക് |

അനുവദിച്ചതിന്റെ ഫലമായി 7 കോടി രൂപയുടെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കി. കന്നുകുട്ടി പരിപാലനത്തിന് 8 കോടി രൂപ ചെലവിട്ടുവരുന്നു. കൂടാതെ ഉല്പാദനം വർദ്ധിപ്പിച്ച് പ്രാദേശിക പാൽ സംഭരണം വർദ്ധിപ്പിക്കുന്നതി നായി 2008 ഒക്ടോബർ മുതൽ മിൽമ പാലിന്റെ വില്പന വില ഒരു രൂപ വർദ്ധിപ്പിച്ചതിൽ 90 പൈസയും ക്ഷീര കർഷകനു ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ പാൽ സംഭരണ റൂട്ടിൽ ഉൾപ്പെടാത്തതും പാൽ സംഭരണം കുറവുള്ളതുമായ സംഘ ങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നതിന് വേണ്ട പുതിയ മിൽക്ക് റൂട്ടുകൾ മിൽമ ആരംഭിച്ചിട്ടുള്ളതിനാൽ, പാൽ സംഭരണം വർദ്ധിക്കുന്നതാണ്. പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ക്ഷീരകർഷ കരുടെ പശുക്കൾക്ക് ചികിത്സ, കൃത്രിമ ബീജധാന സൗകര്യം, ഇൻഷ്വറൻസ് പരിരക്ഷ, കർഷക അപകട-ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. ഇവയ്ക്കു പുറമെ മിൽമ പാൽ സംഭരണം വർദ്ധിപ്പിക്കുന്ന തിനായി സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും തിരുവനന്തപുരം മേഖലാ യൂണിയൻ ഒരു രൂപയും, , മലബാർ മേഖലാ യൂണിയൻ 2 രൂപയും അധിക ഇൻസെന്റീവായി ക്ഷീരകർഷകന് ലഭ്യമാക്കുന്നുണ്ട്. മാത്രമല്ല, കേരള ഫീഡ്സ് കാലിത്തീറ്റ ചാക്ക് ഒന്നിന് 20 രൂപ വിലകുറച്ചു വിറ്റു വരുന്നു. ക്ഷീരസംഘം മുഖേന കർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്ക് തിരുവനന്തപുരം മലബാർ മേഖലാ യൂണിയനുകൾ ചാക്കൊന്നിന് യഥാക്രമം 25 രൂപയും, 30 രൂപയും ഡിസ്കൗണ്ട് നൽകിവരുന്നു. കേരള സഹ കരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) 16..12..2008 മുതൽ കാലിത്തീറ്റയ്ക്ക് 10 രൂപയുടെ സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യാനും നടപടി സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 2 കോടി രൂപയും, മിൽമയ്ക്ക് 1 കോടി രൂപയും ഗ്രാന്റായി നൽകിയിട്ടുണ്ട്.

(സി) ഇതിന്റെ ഫലമായി പാൽ ഇറക്കുമതി എത്രമാത്രം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) മേല്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയതു വഴി പാലിന്റെ ഉല്പാദനത്തിൽ ഈ വർഷം പ്രതിദിനം ഒരു ലക്ഷം ലിറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2006-ൽ പ്രതിദിനം 58 ലക്ഷം ലിറ്റർ ആയിരുന്നത് ഇപ്പോൾ 62 ലക്ഷം ലിറ്ററായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വേനൽക്കാലമായതിനാലും, ഉപഭോഗം വർദ്ധിച്ചതിനാലും പാലിന്റെ ഇറക്കുമതി കുറയ്ക്കാൻ സാധിച്ചിട്ടില്ല.

(ഡി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമാണ് കേരള ക്ഷീരകർഷക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. അർഹരായ ക്ഷീരകർഷകർക്ക് പ്രതിമാസം 250/- രൂപ നിരക്കിൽ പെൻഷനും തുടർ പെൻഷനും; പ്രസ്തുത പെൻഷൻ 300 രൂപ നിരക്കിൽ വർദ്ധിപ്പിക്കാൻ സർക്കാർ പരിഗണിച്ചുവരുന്നു.

2. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കവേ മരണമടഞ്ഞ കർഷകരുടെ ആശ്രിതർക്ക് പ്രതിമാസം 125/- രൂപ വീതം കുടുംബ പെൻഷൻ.

3. ക്ഷീരദീപം പദ്ധതി പ്രകാരം ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾ വിവാഹിതരാകുമ്പോൾ 1000/- രൂപ വീതം ധനസഹായം നൽകിവരുന്നു.

4. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ജില്ലയിലെ ഏറ്റവും മികച്ച ക്ഷീരകർഷകന് 2000 രൂപയും പ്രശസ്തി പത്രവും വർഷം തോറും നൽകിവരുന്നു.

5. മരണമടയുന്ന ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കായി നോമിനിയ്ക്ക് 1000/- രൂപയുടെ അടിയന്തിര ധനസഹായം.

7. ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി എസ്.എസ്.എൽ.സി., +2 ഡിഗ്രി, പ്രൊഫഷണൽ തലം വരെ പാൽ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ഇവയ്ക്കെല്ലാം പുറമെ ക്ഷേമനിധി അംഗങ്ങളെ മുഴുവൻ ഉൾപ്പെടുത്തി സർക്കാർ പങ്കാളിത്തത്തോടെ, ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി 2008-2009 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാന്റായി 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ഇ) **എല്ലാ ക്ഷീരകർഷകരേയും ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?** | (ഇ) ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന എല്ലാ കർഷകരെയും ക്ഷീര കർഷക ക്ഷേമനിധിയിൽ ചേർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -21 17.02.2009ൽ മറുപടിയ്ക്ക്.

## ഹൈപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. സാജുപോൾ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ് ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിക്കുന്ന ഹൈപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഒരു സൂപ്പർ മാർക്കറ്റും, ഡിപ്പാർട്ട്മെന്റ് സ്റ്റോറും കൂടി ചേർന്ന ഒരു സൂപ്പർ സ്റ്റോറാണ് ഹൈപ്പർ മാർക്കറ്റ്. നിത്യ ജീവിതത്തിനാവശ്യമായ എല്ലാ സാധനങ്ങളും ഒരേ മേൽക്കൂരയ്ക്കുള്ളിൽ ലഭ്യമാക്കുന്ന ഒരു വലിയ റീട്ടെയിൽ വ്യാപാര സ്ഥാപനമായാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ വർഷം ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത് ; | (ബി) എറണാകുളം, തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നീ സ്ഥലങ്ങളിലാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. എറണാകുളം ഹൈപ്പർ മാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം 24.10.2008-ൽ ആരംഭിക്കുകയും രണ്ടാംഘട്ട പ്രവർത്തനം പൂർത്തികരിച്ച്കൊണ്ടിരിക്കുകയുമാണ്. ഈ വർഷം തന്നെ ഹൈപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ഹൈപ്പർ മാർക്കറ്റ് കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ എസ്റ്റിമേറ്റ് എന്നിവ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനം അവരിലൂടെ ത്വരിതഗതിയിൽ പൂർത്തീകരിച്ച് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കോട്ടയം തലശ്ശേരി എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റുകൾ ഈ വർഷം തന്നെ ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇവിടങ്ങളിലെ മുനിസിപ്പൽ |

| | |
|---|---|
| | അധികൃതർ ബിൽഡിംഗ് പെർമ്മിറ്റ് നൽകാത്തതുകൊണ്ട് മാത്രമാണ് കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത്. |
| (സി) നിത്യോപയോഗ സാധനങ്ങൾക്കു പുറമെ എന്തെല്ലാം സാധനങ്ങളാണ് ഹൈപ്പർ മാർക്കറ്റുകളിൽ വിപണനം നടത്തുന്നത് ; | (സി) ഒരു ഹൈപ്പർ മാർക്കറ്റ് യഥാർത്ഥ രീതിയിൽ രൂപകല്പന ചെയ്ത് സ്ഥാപിച്ചാൽ അവിടെ ഉപഭോക്താവിന് ആവശ്യമായ എല്ലാ ഉപഭോക്തൃതാല്പര്യ ഉൽപ്പന്നങ്ങളും കൺസ്യൂമർ ഡ്യൂറബിൾ ഉൽപ്പന്നങ്ങളും ലഭ്യമാകുന്നതാണ്. |
| (ഡി) വൻകിട രീതിയിൽ സംരംഭകരുമായി മത്സരിക്കാൻ കഴിയും വിധം ഹൈപ്പർ മാർക്കറ്റുകൾ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 22

17/02/2009 - ൽ മറുപടിക്ക്.

## ഉൾനാടൻ ജലഗതാഗത വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഉൾനാടൻ ജലഗതാഗത വികസനത്തിന് ഉൾനാടൻ ജലപാത അതോറിറ്റി എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നത് ; | : | (എ) ഉൾനാടൻ ജലഗതാഗത വികസനത്തിനായി സംസ്ഥാനത്ത് ഉൾനാടൻ ജലപാത അതോറിറ്റി രൂപീകരിച്ചിട്ടില്ല. |
| (ബി) ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുവാൻ സർക്കാരിന് എന്തെല്ലാം പദ്ധതികളാണുള്ളത് ; | : | (ബി) കോവളം-നീലേശ്വരം വരെയുള്ള ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത ഒഴികെയുള്ള ഭാഗങ്ങൾ സംസ്ഥാന ജലപാതയായി വികസിപ്പിക്കുന്നതിന് 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 225 കോടി രൂപ ഉപയോഗിച്ച് ജലപാതകൾ വികസിപ്പിച്ച് വരുന്നു. ജലസേചന വകുപ്പിന്റെ കീഴിലുള്ള ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിലാണ് ടി പണികൾ നടന്നു വരുന്നത്. പ്രസ്തുത ജലപാതകളുടെ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.<br>കൂടാതെ ടി.എസ്. കനാലിന്റെ ഭാഗമായ പാർവ്വതി പുത്തനാറിന്റെ നവീകരണത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച 362.22 ലക്ഷം രൂപയുടെ കേന്ദ്ര പദ്ധതിയുടെ പണികളും നടന്നു വരുന്നു. |
| (സി) സംസ്ഥാനത്തെ എന്തെല്ലാം നദികളും തോടുകളുമാണ് ജലഗതാഗതത്തിന് യോഗ്യമായിട്ടുള്ളത് ; | : | (സി) സംസ്ഥാന ജലപാത കടന്നു പോകുന്ന പ്രധാന നദികളുടേയും, കായലുകളുടേയും ഭാഗങ്ങളായ അക്കുളം കായൽ, കഠിനംകുളം കായൽ, നടയറ കായൽ, പരവൂർ, ഇടവിപുരം കായലുകൾ, കാഞ്ഞിരമുക്ക് നദി, ഭാരതപ്പുഴ, പൂരപ്പുഴ, കീരനല്ലൂർ നദി, കടലുണ്ടിപ്പുഴ, വടക്കുംപാട് നദി, ചാലിയാർ, കല്ലായിപ്പുഴ, കോരപ്പുഴ, കണയൻകോട് നദി, അകലപ്പുഴ മൂഴിക്കൽ നദി, മാഹാനദി, എറണോളി നദി, കാട്ടംപള്ളി, വളപട്ടണം, കുപ്പം, പാലക്കോട് നദികൾ എന്നിവ ഗതാഗത യോഗ്യമാണ്. |
| (ഡി) ഉൾനാടൻ ജലപാത അതോറിറ്റിയുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ നദികളിലേയും തോടുകളിലേയും ഗതാഗതസൗകര്യം വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | : | (ഡി) 'എ' ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 23

17.2.2009 ൽ
മറുപടിയ്ക്ക്

## ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സി. ജോസഫ് ;<br>പ്രൊഫ. കെ.വി. തോമസ് ;<br>ശ്രീ. കെ. ബാബു ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | എ) | ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി ഏകദേശം 160 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി LA Act പ്രകാരമുള്ള വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 5.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ചേർത്തല, അമ്പലപ്പുഴ, കൊരട്ടി എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| ബി) | രണ്ടാംഘട്ട വികസനം എന്ന് തുടങ്ങുമെന്നും ഇതിന്റെ പൂർത്തീകരണം എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | ബി) | രണ്ടാംഘട്ട വികസന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 2013 ഓടു കൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | ഇതിനായി എത്ര സ്ഥലം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; | സി) | ഇൻഫോപാർക്ക് കൊച്ചിയുടെ വികസനത്തിനായി ഏകദേശം 160 ഏക്കർ സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ചേർത്തല ഇൻഫോപാർക്കിന് 66 ഏക്കർ സ്ഥലവും അമ്പലപ്പുഴ ഇൻഫോപാർക്കിന് 100 ഏക്കർ സ്ഥലവും തൃശ്ശൂർ ഇൻഫോപാർക്കിന് 42 ഏക്കർ സ്ഥലവും വേണ്ടിവരും. |
| ഡി) | രണ്ടാംഘട്ട വികസനത്തിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ? | ഡി) | ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ട വികസനത്തിൽ ഏകദേശം 50,000 പേർക്കും ഇൻഫോപാർക്ക് ചേർത്തല, അമ്പലപ്പുഴ, തൃശ്ശൂർ എന്നിവയുടെ വികസനത്തിലൂടെ ഏകദേശം 32000 പേർക്കും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 24 17.2.2009 - ൽ മറുപടിയ്ക്ക്

**പി.എസ്.സി. നിയമനങ്ങളിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നടത്തിവരുന്നത്. ഒഴിവുകൾ ഇരുപതിന്റെ യൂണിറ്റടിസ്ഥാനത്തിൽ കണക്കാക്കി നിയമന ശുപാർശ നൽകണമെന്നാണ് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 14 (എ)-യിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. എന്നാൽ ഓരോ സമയത്തും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ഇരുപതിൽ കൂടുതലാണെങ്കിൽ അവയെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമന ശുപാർശ |

നൽകണമെന്ന് കേരള പബ്ളിക് സർവ്വീസ് കമ്മീഷന്, ബഹു. കേരള ഹൈക്കോടതി 1637/2007 നമ്പർ റിട്ട് അപ്പീലിൻമേൽ 23.5.2008-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. 23.5.2008-ലെ കോടതി വിധിക്ക് നിദാനമായ ആയുർവ്വേദ മെഡിക്കൽ ഓഫീസർ തസ്തികയുടെ നിയമന ശുപാർശ കാര്യത്തിൽ, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമന ശുപാർശ നടത്തുവാൻ കമ്മീഷൻ നടപടികൾ സ്വീകരിക്കുകയുണ്ടായി. 23.5.2008-ലെ കോടതി ഉത്തരവ് എല്ലാ തസ്തികകളിലെ നിയമന ശുപാർശയ്ക്കും ബാധകമാക്കണമെന്ന് 28435/2008 തുടങ്ങിയ റിട്ട് പെറ്റീഷനുകളിൽ പുറപ്പെടുവിച്ച 11.11.2008-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി കേരള പബ്ളിക് സർവീസ് കമ്മീഷന് വീണ്ടും നിർദ്ദേശം നൽകിയ സാഹചര്യത്തിൽ കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ കേരള പബ്ളിക് സർവീസ് കമ്മീഷൻ തീരുമാനിച്ചതനുസരിച്ച് ബഹു. സുപ്രീം കോടതിയിൽ കമ്മീഷൻ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കേരള

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 14(എ)-യുടെ വ്യാഖ്യാനം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി വിധിക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ 20-ൽ കൂടുതൽ ഉദ്യോഗാർത്ഥികളെ ഒന്നിച്ച് നിയമനത്തിനായി ശുപാർശ ചെയ്യുന്ന നടപടി കമ്മീഷന് താൽക്കാലികമായി നിർത്തി വെക്കേണ്ടി വന്നിട്ടുണ്ട്. |
| (ബി) | ഇപ്പോഴുള്ള പ്രതിസന്ധി പരിഹരിച്ച് നിയമനം സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ ഈ വിഷയത്തിൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള് കേസ്സിൻമേൽ, സുപ്രീം കോടതിയിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയിൽ നിന്നും ലഭിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

— —

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 17/02/2009 - ൽ

ചോദ്യം നമ്പർ 25 മറുപടിക്ക്

## പൊതുവിതരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. കെ.സി. രാജഗോപാലൻ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണ രംഗത്ത് എന്തെങ്കിലും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ : എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന സന്ദർഭത്തിൽ പൊതു വിതരണ രംഗത്ത് മരവിപ്പ് അനുഭവപ്പെട്ടിരുന്നു. 10 ശതമാനം കാർഡ് ഉടമകൾ പോലും റേഷൻ കടകളിൽ എത്തിയിരുന്നില്ല. ഈ സ്ഥിതിയിൽ ഗണ്യമായ മാറ്റം സംഭവിച്ചു. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയതാണ് പ്രധാന നേട്ടം. പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു. കേന്ദ്ര സർക്കാർ പ്രതിമാസം അനുവദിച്ച് നൽകുന്ന റേഷൻ വിഹിതം ഗുണമേന്മ പരിശോധിച്ച് കൃത്യമായും കാര്യക്ഷമമായും ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സിവിൽ സപ്ളൈസ് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുന്നു. കൂടാതെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും റേഷൻ സാധനങ്ങൾ റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടു പോകുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എഫ്.സി.ഐ.യിൽ ഡ്യൂട്ടിയിൽ ഉണ്ടാകാറുണ്ട്. എഫ്.സി.ഐ.യിൽ നിന്നും റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനത്തിന്റെ മുന്നിലും പിന്നിലും "ഓൺ ഗവൺമെന്റ് ഡ്യൂട്ടി" എന്ന സ്റ്റിക്കർ പതിക്കാറുണ്ട്. മൊത്ത വിതരണ |

കേന്ദ്രത്തിൽ നിന്നും ചില്ലറ വിതരണ കേന്ദ്രത്തി ലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്ന സമയവും സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ ആയത് ഉറപ്പു വരുത്താറുണ്ട്. കൂടാതെ റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുതിനും, റേഷൻ സാധനങ്ങളുടെ തിരിമറി തടയുന്നതിനുമായി സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ നിരന്തരം റേഷൻ മൊത്ത/ചില്ലറ വിതരണ കേന്ദ്രങ്ങളിൽ പരിശോധനകൾ നട ത്തുകയും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എല്ലാ പൊതു വിതരണ കേന്ദ്രങ്ങളിലും ഇലക്ട്രോ ണിക് ത്രാസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. റേഷൻ കടകൾ നവീക രിക്കാനുള്ള നടപടികൾ സ്വീകരിച്ചു. അഴിമതി മുക്തമായ പൊതുവിതരണ സംവിധാനമാണ് സർക്കാരിന്റെ ലക്ഷ്യം.

| | | | |
|---|---|---|---|
| ബി) | ആഗോളതലത്തിൽ ഭക്ഷ്യസാധ നങ്ങളുടെ വില വർദ്ധിക്കു കയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്ത സാഹചര്യം നേരിടുന്ന തിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ; | (ബി) | ആഗോളതലത്തിൽ ഭക്ഷ്യവില വർദ്ധനവുണ്ടായ സാഹചര്യത്തിൽ കേരളത്തിൽ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരള ത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള സാധന ങ്ങളുടെ വരവ് സുഗമമാക്കിയിട്ടുണ്ട്. 3000-ത്തോളം എ.ആർ.ഡി. സപ്ളൈക്കോ വിപണനശാലകളിലൂടെയും പീപ്പിൾസ് ബസാർ, സൂപ്പർ മാർക്കറ്റ്, വിശേഷാവസരങ്ങളിൽ തുട ങ്ങുന്ന പ്രത്യേക ബസാറുകൾ എന്നിവയിലൂടെ നിത്യോപയോഗസാധനങ്ങൾ ജനങ്ങൾക്ക് വില വർദ്ധനയില്ലാതെ ലഭ്യമാക്കിയിട്ടുണ്ട്. പ്രതിമാസ റേഷൻ വിഹിതം കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനു പുറമേ ഈ സർക്കാരിന്റെ നിര ന്തര ശ്രമഫലമായി ലഭിച്ച അധിക റേഷൻ വിഹി തവും കാര്യക്ഷമമായി വിതരണം ചെയ്തു വരുന്നു. കേന്ദ്ര സർക്കാർ അരി വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിലും അരി വില ഉയർന്ന സാഹ ചര്യത്തിലും പ്രത്യേക അരിക്കടകൾ തുറന്നും സപ്ളൈക്കോ വിപണന ശാലകളിലൂടെയും കിലോഗ്രാമിന് 14 രൂപയ്ക്ക് പുഴുക്കലരിയും കിലോ ഗ്രാമിന് 13.50 രൂപയ്ക്ക് പച്ചരിയും വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി റേഷൻ വിഹിതത്തിന് പുറമേ കിലോഗ്രാമിന് 16 രൂപയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവ തടയുന്നതിന് പൊതു വിപണിയിൽ നിരന്തരം പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളതും അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, എഡിബിൾ ഓയിൽ, നെല്ല്, എഡിബിൾ ഓയിൽ സീഡ്സ് ഇവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുള്ളതും ആകുന്നു. |
| (സി) | പുതുതായി എത്ര മാവേലി സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും ആരംഭിച്ചു എന്ന് അറിയിക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 58 മാവേലിസ്റ്റോറുകളും, 9 പീപ്പിൾസ് ബസാറുകൾ ഉൾപ്പെടെ 79 സൂപ്പർ മാർക്കറ്റുകളും 34 മെഡിക്കൽസ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഹൈപ്പർ മാർക്കറ്റുകൾ വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഡി) | ഉണ്ട്. സപ്ലൈക്കോയുടെ ഹൈപ്പർ മാർക്കറ്റുകൾ വൻകിടഹൈപ്പർ മാർക്കറ്റുകളിലുള്ള എല്ലാ സൗകര്യങ്ങൾ ഉള്ളതും സാധാരണക്കാർക്ക് മിതമായ നിരക്കിൽ വാങ്ങുവാൻ കഴിയുന്നതും ആയിരിക്കും. എല്ലാ പൊതുമേഖല സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ ഈ ഹൈപ്പർ മാർക്കറ്റുകളിൽ ഉണ്ടായിരിക്കുന്നതാണ്. എറണാകുളത്തും തിരുവനന്തപുരത്തും ഹൈപ്പർ മാർക്കറ്റുകളുടെ നിർമ്മാണം നടന്നു വരുന്നു. ഈ വർഷം തന്നെ അവ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ഇ) | എല്ലാ പഞ്ചായത്തുകളിലും ഒരു മാവേലിസ്റ്റോർ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) | വിപണന സാദ്ധ്യത ഉള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്നമുറയ്ക്ക് മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 26

17.2.2009 ൽ
മറുപടിയ്ക്ക്

## സ്വതന്ത്ര സോഫ്റ്റ്‌വെയർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ് ;<br>ശ്രീ. എ. പ്രദീപ് കുമാർ ;<br>ശ്രീ. രാജു എബ്രഹാം ;<br>ശ്രീ. എ.എം. യൂസഫ് ;<br>ശ്രീ. സൈമൺ ബ്രിട്ടോ റൊഡ്രിഗ്സ് ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കൊച്ചിയിൽ ചേർന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ രണ്ടാം ദേശീയ സമ്മേളനം സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ വികസിപ്പിക്കുന്നതിനും സാർവ്വത്രികമാക്കുന്നതിനുമായി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത് ; | എ) താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്.<br><br>1. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ "Knowledge Hub" സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.<br><br>2. വെസ്റ്റ് ബംഗാൾ, ആന്ധ്രാപ്രദേശ്, കേരളം എന്നീ സംസ്ഥാനങ്ങളിലെ എട്ട് യൂണിവേഴ്സിറ്റികൾ ചേർന്ന് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗത്തിന് പ്രചാരം നൽകാൻ സമ്മേളനത്തിൽ പങ്കെടുത്ത 8 വൈസ് ചാൻസലർമാർ കൂടി തീരുമാനിച്ചു.<br><br>3. കേരളം, വെസ്റ്റ് ബംഗാൾ, കർണ്ണാടകം, തമിഴ്നാട്, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും പങ്കെടുത്ത പ്രൊഫസർമാർ കൂട്ടായ പ്രയത്നത്തിലൂടെ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം കോളേജുകളിലും ഗവേഷണങ്ങൾക്കും ഉപയോഗപ്പെടുത്താൻ തീരുമാനമെടുത്തു.<br><br>4. ആന്ധ്രാപ്രദേശിലെ പ്രജാശക്തി ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ സർവ്വീസ് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചു.<br><br>5. കൊച്ചിയിലെ 'OSS ICS Ltd' വികസിപ്പിച്ച സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ 'വിദ്യാമിത്ര' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ കേരളത്തിലെ എല്ലാ സ്കൂളുകളിലും ഉപയോഗിക്കുവാൻ നിർദ്ദേശിച്ചു. |

6. ഇന്ത്യയിലെ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉടമസ്ഥതാവകാശം സംബന്ധിച്ച തർക്കങ്ങൾ ഉടലെടുക്കുമ്പോൾ അവ പരിഹരിക്കുന്നതിനായി "Legal Experts' Group" ന് രൂപം കൊടുക്കാൻ തീരുമാനിച്ചു.

ബി) ശുപാർശകൾ നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

ബി) ഇതു സംബന്ധിച്ച ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല.

സി) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ ഫണ്ടിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ?

സി) സാധ്യമാകുന്ന എല്ലാ മേഖലകളിലും സ്വതന്ത്ര സോഫ്റ്റ് വെയർ നടപ്പിലാക്കണമെന്ന് സർക്കാരിന്റെ 2007 ലെ ഐ.ടി. നയം നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ ഫണ്ടിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 27 — 17-02-2009 ൽ മറുപടിക്ക്

## നെടുമ്പാശ്ശേരി വിമാനത്താവള വികസനം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. സി.എം.ദിനേശ് മണി :<br>ശ്രീ.സാജുപോൾ :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.എം.എം.മോനായി :<br>ശ്രീ.എം.ജെ.ജേക്കബ് : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ). ലാന്റ് യൂട്ടിലൈസേഷൻ പ്ലാനിന്റെ ഭാഗമായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമറ്റഡ് (സിയാൽ) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാംഗേഴ്സ്<br>2. ഏവിയേഷൻ അക്കാഡമി.<br>3. ഗോൾഫ് കോഴ്സ്<br>4. കൺവെൻഷൻ, ട്രേഡ് ഫെയർ/എക്സിബിഷൻ സെന്റർ<br>5. ലോജിസ്റ്റിക് സെന്റർ<br>6. ഫൈവ് സ്റ്റാർ ആൻറ് ബഡ്ജറ്റ് ഹോട്ടൽസ്<br>7. ഷോപ്പിംഗ് മാൾസ്.<br>8. മൾട്ടി പ്ലക്സസ്<br>9. ഫാമിലി എന്റർടെയ്ൻമെന്റ് സെന്ററുകൾ.<br>10. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ<br>11. സെന്റർ ഫോർ പെരിഷബിൾ കാർഗോ- ഇതിനകം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. |
| (ബി). വിമാനത്താവളത്തോടനുബന്ധിച്ച് ട്രേഡ് ഫെയർ സെന്ററും എക്സിബിഷൻ സെന്ററും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി). ഉണ്ട്. ഏകദേശം 35000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ട്രേഡ് ഫെയർ സെന്ററും എക്സിബിഷൻ സെന്ററും സ്ഥാപിക്കാൻ ഉള്ള നടപടികൾ സിയാൽ ആസൂത്രണം ചെയ്തുവരുന്നു. |
| (സി). വിമാനത്താവളത്തോടുചേർന്ന് ആധുനിക ആശുപത്രി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (സി). ഉണ്ട്. |
| (ഡി). വിമാനത്താവളത്തിൽ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | (ഡി). ഐ.ടി.പാർക്ക് സ്പെഷ്യൽ എക്കണോമിക് സോൺ ആയി നോട്ടിഫൈ ചെയ്യുന്നതിനുള്ള കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ ശുപാർശകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 28

17.2.2009 ൽ
മറുപടിയ്ക്ക്

**ചരക്കുകൂലി വർദ്ധനവ്**

ചോദ്യം

ശ്രീ. വി.ശശികുമാർ ;
ശ്രീ. ബി.ഡി.ദേവസ്സി ;
ശ്രീ. കെ.വി.അബ്ദുൽഖാദർ ;
ശ്രീ.ഹംസ ;
ശ്രീ.കെ.വി. കുഞ്ഞിരാമൻ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) റെയിൽവേ ചരക്കുകൂലി വർദ്ധന സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ഗണ്യമായി വർദ്ധിക്കാൻ ഇടയാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ചരക്കുകൂലി വർദ്ധന പിൻവലിക്കുന്നതിനായി സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ; | ബി) ചരക്കുകൂലി വർദ്ധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ വകുപ്പു മന്ത്രിക്ക് സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രി ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. സംസ്ഥാനത്തെ എം.പി മാരുടെ യോഗത്തിൽ ഈ കാര്യം ഉന്നയിക്കുകയും അവർ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. |
| സി) ചരക്കുകൂലി വർദ്ധന മൂലം സംസ്ഥാനത്ത് പ്രതിമാസം എത്ര കോടി രൂപ അധികമായി ചെലവാക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | സി) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യ വസ്തുക്കൾ റെയിൽ മാർഗ്ഗം കൊണ്ടു വരികയാണെങ്കിൽ പ്രതിമാസം ഏകദേശം 2 കോടി രൂപയുടെ അധിക ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കുന്നു. ഇത് സാധന വില വർദ്ധനവായി പ്രതിഫലിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 29 | 17.2.2009 ൽ മറുപടിയ്ക്ക്

## ഐ.ടി. മേഖലയിലെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ ;<br>ശ്രീ. അൽഫോൺസ് കണ്ണന്താനം ;<br>ശ്രീ. എ. പ്രദീപ് കുമാർ ;<br>ശ്രീ. മഞ്ഞളാംകുഴി അലി ;<br>ശ്രീ. മുരളി പെരുനെല്ലി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി. മേഖലയിൽ ഉണ്ടായിട്ടുള്ള വികസനം വിശദമാക്കുമോ ;<br><br>ബി) ഇതിന്റെ ഭാഗമായി ഐ.ടി. മേഖലയിൽ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും<br><br>ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവ സ്ഥിതിചെയ്യുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളൊഴികെ എല്ലാ ജില്ലകളിലും സർക്കാർ മുൻകൈ എടുത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ (ചേർത്തല, അമ്പലപ്പുഴ), കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഇതിനകം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലബാർ മേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ കോഴിക്കോട് ആസ്ഥാനമായി സൈബർപാർക്ക് കോഴിക്കോട് എന്ന പേരിൽ ഒരു സൊസൈറ്റിയും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ കരീക്കൽ, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകൾ വക കെട്ടിടങ്ങളിൽ ടെക്നോലോഡ്ജ് തുടങ്ങാനും അനുമതി നല്കികഴിഞ്ഞു.<br><br>ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം, ടെക്നോസിറ്റി പദ്ധതി, ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസന പരിപാടികൾ തുടങ്ങിയവ നടന്നുവരുന്നു. ഐ.ടി. മേഖലയിൽ സമർത്ഥരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് സഹായകരമാകുന്ന മാതൃകാ ഫിനിഷിംഗ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചു കഴിഞ്ഞു. കൊച്ചിയിലും ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ മാസ് എച്ച്. ആർ. പ്രോഗ്രാം നടപ്പിലാക്കാൻ അനുമതി |

— —

നല്‍കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ വിദ്യാര്‍ത്ഥികള്‍ക്ക് വിമന്‍സ് കോളേജ് തിരുവനന്തപുരം, കൃഷ്ണമേനോന്‍ മെമ്മോറിയല്‍ കോളേജ്, കണ്ണൂര്‍ എന്നിവിടങ്ങളില്‍ കമ്പ്യൂട്ടര്‍ ട്രെയിനിംഗ് ആന്റ് റിസോഴ്സ് സെന്റര്‍ സ്ഥാപിച്ചുവരുന്നു. പ്രൈവറ്റ് പബ്ലിക് പാര്‍ട്ടിസിപ്പേഷനോടു കൂടി ഒരു ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചു കഴിഞ്ഞു.

ടെക്നോപാര്‍ക്കിലും ഇന്‍ഫോപാര്‍ക്കിലുമുള്ള വിവിധ കമ്പനികളിലായി ഇപ്പോള്‍ ഏകദേശം 28000 പേര്‍ തൊഴില്‍ ചെയ്യുന്നുണ്ട്. 2007-08 ല്‍ 1266.55 കോടി രൂപയുടെ കയറ്റുമതി നടന്നിട്ടുണ്ട്.

(സി) ഇന്‍ഫോ പാര്‍ക്കിന്റെ വികസനത്തിനായി കൈക്കൊണ്ട നടപടികള്‍ വ്യക്തമാക്കുമോ ;

(ഡി) ഇന്‍ഫോ പാര്‍ക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) യും (ഡി) യും

ഇന്‍ഫോപാര്‍ക്കില്‍ ഏകദേശം 15 ലക്ഷം ചതുരശ്ര അടി തറ വിസ്തീര്‍ണ്ണത്തിലുള്ള ഐ.ടി. കെട്ടിടങ്ങളുടെ നിര്‍മ്മാണം പൂര്‍ത്തീകരിച്ചു. എയര്‍പോര്‍ട്ട്, സീപോര്‍ട്ട് റോഡില്‍ നിന്നും ഇന്‍ഫോ പാര്‍ക്കിലേക്കുള്ള 4 വരി പാതയുടെ നിര്‍മ്മാണവും ഈ കാലയളവില്‍ ആരംഭിച്ചു. ഈ പാതയുടെ ഏകദേശം 30% പണി പൂര്‍ത്തിയായിട്ടുണ്ട്. വിസ്മയ ബില്‍ഡിങ്ങില്‍ 18,000 ചതുരശ്ര അടി വിസ്തീര്‍ണ്ണത്തിലുള്ള ഫുഡ് കോര്‍ട്ടിന്റെ നിര്‍മ്മാണവും പൂര്‍ത്തീകരിച്ച് പ്രവര്‍ത്തനം ആരംഭിച്ചു. 5.5 ലക്ഷം ചതു. അടി വിസ്തീര്‍ണ്ണത്തില്‍ പുതിയ ഐ.ടി. മന്ദിരങ്ങളുടെയും ശിലാസ്ഥാപന കര്‍മ്മം 2.2.2009 ല്‍ നിര്‍വ്വഹിച്ചു. പണി പുരോഗമിച്ചു വരുന്നു. ഏകദേശം 160 ഏക്കര്‍ സ്ഥലത്ത് രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ഐ.ടി. പാര്‍ക്ക് സ്ഥാപിക്കുവാന്‍ സ്ഥലമെടുപ്പ് നടപടികള്‍ അവസാന ഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങളുടെ നിര്‍മ്മാണവും സ്ഥലമെടുപ്പ് കഴിഞ്ഞാല്‍ ഉടന്‍ ആരംഭിക്കുന്നതാണ്. ചേര്‍ത്തല, അമ്പലപ്പുഴ, കൊരട്ടി എന്നീ സ്ഥലങ്ങളില്‍ പുതിയ ഐ.ടി. പാര്‍ക്കുകള്‍ സ്ഥാപിക്കുവാന്‍ വേണ്ട നടപടികള്‍ പൂര്‍ത്തീകരിച്ചു വരുന്നു.

(ഇ) രണ്ടാംഘട്ടം പൂര്‍ത്തിയാകുമ്പോള്‍ എത്ര പേര്‍ക്ക് പുതുതായി തൊഴില്‍ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

(ഇ) ഇന്‍ഫോപാര്‍ക്ക് കൊച്ചിയുടെ രണ്ടാംഘട്ട വികസനത്തില്‍ ഏകദേശം 50,000 പേര്‍ക്കും ഇന്‍ഫോപാര്‍ക്ക് ചേര്‍ത്തല, അമ്പലപ്പുഴ, തൃശൂര്‍ എന്നിവയുടെ വികസനത്തിലൂടെ ഏകദേശം 32000 പേര്‍ക്കും തൊഴില്‍ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 30

17.2.2009 - ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ: സി.ടി. അഹമ്മദ് അലി | | ശ്രീ. വി. എസ്. അച്യുതാനന്ദൻ (ബഹു: മുഖ്യമന്ത്രി) |
| എ) | നടപ്പ് സാമ്പത്തിക വർഷം എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്; അവ ഓരോന്നിന്റെയും കേന്ദ്ര- സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ; | എ) | നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും അവ ഓരോന്നിന്റെയും കേന്ദ്ര സംസ്ഥാന വിഹിതവും അനുബന്ധം 1 - ൽ ചേർത്തിരി - ക്കുന്നു. |
| ബി) | 2009 ജനുവരി 31 വരെ ഇവയിൽ ഓരോ പദ്ധതിക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിച്ച തുക എത്ര വീതമാണ്; | ബി) | 2009 ജനുവരി 31 വരെ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ച കണക്കിന് അംഗീകാരമായിട്ടില്ല. അതിനാൽ 2008 ഡിസംബർ 31 വരെ ഓരോ പദ്ധതിക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിച്ച തുക അനുബന്ധം 2 -ൽ ചേർക്കുന്നു. |
| സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിത- മായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചേർക്കുന്നു.<br>1. പ്രസ്തുത പദ്ധതികളുടെ അവലോകന യോഗം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം മുഖ്യമന്ത്രി തലത്തിൽ നൽകുന്നു |

2. കേന്ദ്ര ഗവൺമെൻറിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന അവലോകന യോഗം സംസ്ഥാന സർക്കാർ നടത്തുന്നു.

3. എല്ലാ മാസവും സെക്രട്ടറിതല യോഗം ചീഫ് സെക്രട്ടറി നടത്തി പദ്ധതി അവലോകനം നടത്തുന്നു.

4. സെക്രട്ടറി തലത്തിലും വകുപ്പു തലത്തിലും അവലോകനം നടത്തി വരുന്നു.

16/2

ജോയിൻറ് ഡയറക്ടർ (സി.പി.എം.യു)

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.